# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

## നിയമസഭാ നടപടികൾ

## സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

## 2011 ഒക്ടോബർ 12, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**അടിയന്തരപ്രമേയം**

**പെരുവെമ്പ് സ്വദേശി രഘു കൊലചെയ്യപ്പെട്ട സംഭവം**

മി. സ്പീക്കർ: പെരുമ്പാവൂർ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡിൽവച്ച് പാലക്കാട് പെരുവെമ്പ് സ്വദേശി രഘുവിനെ പോലീസുകാരൻ അടിച്ചുകൊന്നതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ സാജുപോൾ, വി.എസ്. സുനിൽകുമാർ, മാത്യു റ്റി. തോമസ്, എ.എ.അസീസ്, എ. കെ. ശശീന്ദ്രൻ, എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): 10-10-2011-ന് വൈകിട്ട് 7.15 മണിയോടെ തൃശ്ശൂരിൽനിന്നും ചടയമംഗലത്തേക്ക് പുറപ്പെട്ട കെ.എസ്.ആർ.ടി.സി. സൂപ്പർ ഫാസ്റ്റ് ബസ്സിലെ യാത്രക്കാരായിരുന്ന പെരുവെമ്പ് സ്വദേശി രഘുവും

മൂവാറ്റുപുഴ സ്വദേശിയായ സന്തോഷും ഒരു സീറ്റിലിരുന്ന് സഞ്ചരിച്ചുവരവെ സന്തോഷിന്റെ മൊബൈൽ ഫോൺ ബസ്സിനകത്തുവച്ച് നഷ്ടപ്പെട്ടുവെന്ന് കണ്ടക്ടറെ അറിയിക്കുകയും തുടർന്നുനടന്ന പരിശോധനയിൽ സീറ്റിൽ ഇരുവർക്കുമിടയിൽ മൊബൈൽ ഫോൺ ബാറ്ററി ഊരിമാറ്റിയ നിലയിൽ കാണപ്പെടുകയും കണ്ടക്ടറുടെ സാന്നിദ്ധ്യത്തിൽ ഫോൺ സന്തോഷിന് കൊടുക്കുകയും ചെയ്തു. മൊബൈൽ ഫോൺ അപഹരിച്ചു എന്നുപറഞ്ഞ് ബസ്സിനകത്തുവച്ച് സന്തോഷ് രഘുവിനെ മർദ്ദിച്ചു. സന്തോഷും ബസ്സിലെ യാത്രക്കാരനായ തിരുവനന്തപുരം എ.ആർ. ക്യാമ്പിലെ പോലീസുകാരനായ സതീഷും മറ്റൊരു യാത്രക്കാരനും ചേർന്ന് ബസ് സ്റ്റാന്റിലെ ഓഫീസ് കെട്ടിടത്തിൽവച്ച് രഘുവിനെ മർദ്ദിച്ചതിനെത്തുടർന്ന് രഘു തളർന്നുവീണു. ഈ സംഭവംകണ്ട് അവിടെ ഓടിക്കൂടിയ യാത്രക്കാരും നാട്ടുകാരും വിവരം പോലീസിനെ അറിയിച്ചതനുസരിച്ച് പെരുമ്പാവൂർ എസ്.ഐ.യും പാർട്ടിയും സംഭവസ്ഥലത്തെത്തി രഘുവിനെ പെരുമ്പാവൂർ താലൂക്ക് ആശുപത്രിയിൽ എത്തിച്ചുവെങ്കിലും മരണപ്പെട്ടതായി ഡോക്ടർ അറിയിച്ചു. സംഭവസ്ഥലത്തുനിന്ന് പോലീസ് പിടികൂടിയ സന്തോഷ്, സതീഷ് എന്നിവരെ യഥാക്രമം ഒന്നും രണ്ടും പ്രതികളായും കണ്ടാലറിയാവുന്ന മറ്റൊരാളെ മൂന്നാം പ്രതിയായും ഇന്ത്യൻ ശിക്ഷാ നിയമം 302, 34 എന്നീ വകുപ്പുകൾ പ്രകാരം കേസ്സെടുത്തുവെങ്കിലും മൂന്നാമനെ തിരിച്ചറിഞ്ഞിട്ടില്ല. സന്തോഷിന്റെ കയ്യിൽ നിന്നും പതിനായിരം രൂപ നഷ്ടപ്പെട്ടു എന്നുപറയുന്നതിന് വ്യക്തമായ തെളിവുകളൊന്നും ലഭിച്ചിട്ടില്ല. രഘുവിന്റെ തലയിൽ മുൻഭാഗത്തും പിൻഭാഗത്തുമേറ്റ ക്ഷതത്തെത്തുടർന്ന് തലച്ചോറിലുണ്ടായ രക്തസ്രാവംമൂലം രഘു മരിച്ചുവെന്നാണ് പോസ്റ്റ്മോർട്ടം റിപ്പോർട്ട്. രഘുവിനെ മർദ്ദിച്ച സന്തോഷ്, സതീഷ് എന്നിവർക്കെതിരെ പോലീസ് കേസ്സെടുക്കുകയും

പെരുമ്പാവൂർ ഒന്നാം ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി ഇവരെ റിമാൻഡ് ചെയ്യുകയും ചെയ്തു. മരണപ്പെട്ട രഘു പെരുമ്പാവൂരിലുള്ള ഇമാഗോ ഇംപെക്സ് ഡൈ മേക്കിംഗ് കമ്പനിയിലെ ജീവനക്കാരനായിരുന്നു. ഒന്നാം പ്രതി സന്തോഷ് കാസാ വാഴക്കാല എന്ന ഇന്റീരിയർ ഡെക്കറേഷൻ സ്ഥാപ നത്തിലെ ജീവനക്കാരനും രണ്ടാം പ്രതി സതീഷ് ശ്രീ. കെ. സുധാകരൻ എം.പി.യുടെ ഗൺമാൻ ആയി മേയ് 2005 മുതൽ ജോലി ചെയ്തുവരുന്ന ആളുമാണ്. ഇദ്ദേഹത്തെ സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്.

ശ്രീ. സാജു പോൾ: ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ട പോലീസ് ഉദ്യോഗസ്ഥൻ പൈശാചികമായ രീതിയിൽ ഒരു മനുഷ്യനെ മർദ്ദിച്ച് കൊലപ്പെടുത്തിയതിനെ ന്യായീകരിക്കാനാവില്ല. പെരുമ്പാവൂരിലെ ഇമാഗോ ഇംപെക്സ് എന്ന ഡൈ നിർമ്മാണകമ്പനിയുടെ ഒറീസ്സയിലുള്ള യൂണിറ്റിൽ ജോലി ചെയ്തിരുന്ന രഘു, പെരുമ്പാവൂരിൽ ഒരു സ്ഥാപനം തുടങ്ങിയപ്പോൾ സ്ഥലംമാറ്റം വാങ്ങി ഇവിടെ പണിയെടുത്തുവരി കയായിരുന്നു. ആ കമ്പനിയിൽ സ്തുത്യർഹമായ നിലയിൽ ജോലിചെയ്തു വന്ന സത്യസന്ധനായ ഒരാളെയാണ് ബസ് യാത്രയ്ക്കിടയിൽ പണം അപഹ രിച്ചു എന്നുപറഞ്ഞ് മർദ്ദിച്ചത്. രഘുവിന്റെ കയ്യിലുണ്ടായിരുന്ന തുക പാല ക്കാട്ട് പെരുവെമ്പ് സഹകരണബാങ്കിൽ സ്വർണ്ണം പണയംവച്ച് എടുത്തതാണെന്ന് തെളിഞ്ഞിട്ടുണ്ട്. പ്രതികളിൽ ഒരാൾ ശ്രീ. കെ. സുധാക രൻ എം. പി.യുടെ ഗൺമാൻ ആണ്. അദ്ദേഹം നിരപരാധിയാണെ ന്നാണ് എല്ലാ ദൃശ്യമാധ്യമങ്ങളിലൂടേയും ശ്രീ. കെ. സുധാകരൻ എം.പി. പറയുന്നത്. കോൺഗ്രസ്സിന്റെ ഉന്നത നേതാക്കൾതന്നെ അക്രമി സംഘങ്ങളെ തീറ്റിപ്പോറ്റുകയും പോലീസിലെ കൊടുംക്രിമിനലുകളെ കൂടെ നിർത്തുകയും ചെയ്യുന്നതിനെ

തിരെ ഈ സർക്കാർ നടപടി സ്വീകരിക്കണം. സതീഷിനെ പോലീസ് സേനയിൽനിന്നും ഗൺമാൻ സ്ഥാനത്തുനിന്നും പുറത്താക്കുന്നതിനും രഘുവിന്റെ കുടുംബത്തിന് അർഹമായ സഹായം നൽകുന്നതിനും ആവശ്യ മായ നടപടി സ്വീകരിക്കണം. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

<u>ശ്രീ. കെ. അച്ചുതൻ:</u> രഘു നിരപരാധിയാണെന്ന് അന്വേഷണത്തിൽ തെളിഞ്ഞിട്ടുണ്ട്. പെരുവെമ്പ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ മോതിരം പണയം വച്ച് എടുത്ത പണമാണ് അദ്ദേഹത്തിന്റെ കൈവശം ഉണ്ടായിരുന്നത്. രഘു വിന്റെ വരുമാനത്തെ ആശ്രയിച്ച് കഴിഞ്ഞിരുന്ന കുടുംബത്തിന് അടിയന്തിര മായി പതിനഞ്ച് ലക്ഷം രൂപ നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി <u>(ശ്രീ. ഉമ്മൻ ചാണ്ടി)</u>: രഘുവിന്റെ കൊലപാതകക്കേസിൽ ഗവൺമെന്റ് എടുക്കേണ്ട എല്ലാ നിയമ നടപടികളും സ്വികരിച്ചിട്ടുണ്ട്. രഘു തികച്ചും നിരപരാധിയാണെണ് പ്രാഥമിക അന്വേഷണത്തിൽ തെളിഞ്ഞിട്ടുണ്ട്. അദ്ദേഹത്തിന്റെ കയ്യിൽ ഉണ്ടായിരുന്ന രൂപ സ്വർണ്ണം പണയം വച്ച് എടുത്തി ട്ടുള്ളതാണ്. മൂന്ന് പ്രതികളിൽ രണ്ടുപേരെ സംഭവസ്ഥലത്തുവച്ചുതന്നെ കസ്റ്റഡിയിലെടുക്കുകയും മൂന്നാമത്തെ ആളിന് വേണ്ടിയുള്ള അന്വേഷണം നടന്നുകൊണ്ടിരിക്കുകയുമാണ്. മരണപ്പെട്ട രഘുവിന്റെ കുടുംബത്തിന് ആവശ്യമായ സഹായം നൽകുന്ന കാര്യത്തിൽ ഇന്ന് ചേരുന്ന മന്ത്രിസഭാ യോഗം തീരുമാനമെടുക്കും. ഈ പ്രശ്നം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി.എസ്. അച്ചുതാനന്ദൻ, സി. ദിവാകരൻ, മാത്യു റ്റി. തോമസ്, എ.എ. അസീസ്,

തോമസ് ചാണ്ടി എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയ ശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തു പോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## ശ്രദ്ധക്ഷണിക്കൽ

### (1) വയനാട് ജില്ലയിലെ മരാമത്ത് ജോലികൾ

ശ്രീ. എം. വി. ശ്രേയാംസ് കുമാർ : വയനാട് ജില്ലയിൽക്കൂടി കടന്നു പോകുന്ന ദേശീയപാതയുടെ ലക്കിഡി മുതൽ കേരള അതിർത്തി വരെയുള്ള തകർന്നുകിടക്കുന്ന 51 കിലോമീറ്റർ റോഡ് സഞ്ചാരയോഗ്യമാക്കാനും കല്പറ്റ ബൈപ്പാസിന്റെ പ്രവൃത്തികൾ പൂർത്തീകരിക്കാനും നടപടി സ്വീകരിക്കണം. സുൽത്താൻ ബത്തേരി, മാനന്തവാടി, കല്പറ്റ നിയോജകമണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന ഏകപാതയായ വേലിയമ്പം-നടവയൽ-കൂടോത്തുമ്മൽ റോഡും കല്പറ്റ-മാനന്തവാടി റോഡും കല്പറ്റ മണ്ഡലത്തിൽ പൊതുമരാമത്തുവകുപ്പിന്റെ കീഴിലുള്ള സഞ്ചാരയോഗ്യമല്ലാത്ത സി.ആർ. എഫ്.-ൽ വരുന്ന 64 കിലോമീറ്റർ റോഡും ഗതാഗതയോഗ്യമാക്കാൻ നടപടി സ്വീകരിക്കണം. സംസ്ഥാന സർക്കാരിന്റെ ഭരണാനുമതി ലഭിച്ച വിവിധ പദ്ധതികൾ പ്രകാരമുള്ള 163 വർക്കുകളിൽ പൂർത്തീകരിച്ചവ ഒഴികെ ബാക്കിയുള്ളവയുടേയും 13-ാം ധനകാര്യ കമ്മീഷന്റെ അവാർഡും ഭരണാനുമതിയും ലഭിച്ച ആറ് സ്റ്റേറ്റ് ഹൈവേകളുടേയും 11 മേജർ ഡിസ്ട്രിക്ട് റോഡുകളുടേയും പ്രവൃത്തികൾ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം. ചീക്കല്ലൂർ പാലത്തിന്റെ അപ്രോച്ച് റോഡിന്റേയും വാരമ്പറ്റ പാലത്തിന്റേയും പണി പൂർത്തീകരിക്കണം. ഭരണാനുമതി ലഭിച്ച പാത്തിക്കൽ പാലം, കക്കടവ് പാലം എന്നിവയുടെ ടെണ്ടർ നടപടികൾ ആരംഭിക്കാനും മാമ്പിലിച്ചിക്കടവ് പാലം, തുർക്കി പാലം എന്നിവയ്ക്ക്

ഭരണാനുമതി ലഭ്യമാക്കാനും നടപടി സ്വീകരിക്കണം. ഗ്രാമീണ റോഡുകൾ ഗതാഗത യോഗ്യമാക്കാനും ചുരം റോഡിന് പകരമായി ബദൽ പാത നിർമ്മിക്കാനും വയനാട്ടിലെ ഗതാഗതക്കുരുക്കിന് പരിഹാരം കാണാനും നടപടിയുണ്ടാകണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : വയനാട് ജില്ലയിലെ പ്രധാന റോഡുകളുടേയും പാലങ്ങളുടെയും പുനരുദ്ധാരണ പ്രവൃത്തികൾ നടത്തുന്നതിനായി 23 കോടി രൂപയുടെ എസ്റ്റിമേറ്റ് കേന്ദ്ര ഉപതരിതല മന്ത്രാലയത്തിന്റെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി സമർപ്പിക്കുകയും ബാക്കി ഭാഗത്തിന്റെ പണികൾ ചെയ്യുന്നതിനായി 16.9 കോടി രൂപയുടെ എസ്റ്റിമേറ്റ് സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ദേശീയപാതയിലെ കുഴികൾ അടയ്ക്കുന്നതിന് 166 ലക്ഷം രൂപ അനുവദിക്കുകയും ഒക്ടോബർ അവസാനത്തോടെ പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്യുന്നതാണ്. ജില്ലാ പഞ്ചായത്തിന് 2010-11-ൽ അനുവദിച്ച റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി വേലിയമ്പം-നടവയൽ-കൂടോത്തുമ്മൽ റോഡിന്റെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. വയനാട്ടിൽ കരിങ്കൽ ക്വാറി നിരോധനമുള്ളതിനാൽ ഈ പദ്ധതിയിലും പ്ലാൻ ഫണ്ടിലും ഉൾപ്പെട്ട റോഡുകൾ 2011-12 വർഷം സ്പിൽ ഓവർ പ്രവൃത്തിയായി നടപ്പിലാക്കുന്നതാണ്. കൽപ്പറ്റ നിയോജകമണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റിയിലുമായി വരുന്ന പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകൾ ഗതാഗത യോഗ്യമാക്കുന്നതിനുള്ള പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ നടന്നുവരികയാണ്. പൊതുമരാമത്ത് വകുപ്പിന്റെ പരിധിയിൽ വരുന്ന എല്ലാ റോഡുകളുടെയും ശേഷം ഭാഗങ്ങൾക്കുള്ള പ്രവൃത്തികളുടെ അംഗീകാരം

അടുത്ത സ്റ്റേറ്റ് ലെവൽ ടാസ്ക് ഫോഴ്സ് കമ്മിറ്റിയിൽ നൽകുന്നതാണ്. കല്പറ്റ ബൈപ്പാസിന്റെ പുനരുദ്ധാരണത്തിനായി 5.50 കോടി രൂപ റഫ് എസ്റ്റി മേറ്റിന് ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്. കൽപ്പറ്റ-മേപ്പാടി റോഡിന്റെ ടെന്റർ നടപടികൾ ഉടൻ പൂർത്തീകരിക്കുന്നതാണ്. കൽപ്പറ്റ-വരാമ്പറ്റ റോഡിന്റെ ഒരു ഭാഗത്തിന്റെ പ്രവൃത്തി ആരംഭിക്കുകയും ബാക്കി ഭാഗം പ്രവൃത്തികൾക്ക് ടെന്റർ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. ചെന്നിലോട്-മുണ്ടക്കുറ്റി, കൂട്ടുപാറ-ചെന്നിലോട് റോഡുകളുടെ പ്രവൃത്തി കൾക്കുള്ള ടെന്ററുകൾ ക്ഷണിക്കുന്നതാണ്. ചുരം ബദൽ റോഡുകളുടെ അലൈൻമെന്റ് പ്രൊപ്പോസലുകളിന്മേൽ അടുത്ത മന്ത്രിസഭ അന്തിമ തീരുമാ നമെടുക്കുന്നതാണ്. വരാമ്പറ്റ പാലം പണി ഡിസംബറിൽ പൂർത്തീകരിക്കു ന്നതിന് കർശന നിർദ്ദേശം കൊടുത്തിട്ടുണ്ട്. ചീക്കല്ലൂർ മേജർ പാലം പൂർത്തീകരിക്കുകയും മൈനർ പാലത്തിന്റെ പ്രവൃത്തി പുരോഗതി യിലുമാണ്. അപ്രോച്ച് റോഡ് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് കോടതി യിൽ നിലവിലുള്ള കേസിൽ തീരുമാനം വന്നതിനുശേഷം മാത്രമേ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ. പാത്തിക്കൽ പാലത്തിനും കക്കടവ് പാലത്തിനും സാങ്കേതികാനുമതി നൽകുകയും ടെന്റർ ക്ഷണിക്കു കയും ചെയ്തിട്ടുണ്ട്. വയനാട് ജില്ലയിലെ റോഡ് ഗതാഗതം സുഗമമാക്കു ന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

### (2) <u>പൊതുമേഖലാ സ്ഥാപനങ്ങളുടെ വികസനം</u>

<u>ശ്രീ. എളമരം കരീം</u>: മുൻഗവൺമെന്റ് 2011-12 വർഷത്തെ ബഡ്ജറ്റിൽ സംസ്ഥാന വ്യവസായ വകുപ്പിനുകീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങ ളുടെ വികസനത്തിനായി പ്രഖ്യാപിച്ച 250 കോടി രൂപയുടെ മൂലധന നിക്ഷേപ പദ്ധതിക്ക് ബഡ്ജറ്ററി സപ്പോർട്ട് നൽകുകയും ഉല്പാദനം

ഇരട്ടിയായി വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യണം. ലാഭത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ റിസർവ്വ് ഫണ്ട് ഉപയോഗപ്പെടുത്തിയും ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് പണമെടുത്ത് മൂലധന നിക്ഷേപം നടത്തിയും കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി യോജിപ്പിക്കാൻ കഴിയുന്നവ യോജിപ്പിച്ചും വികസനം ലക്ഷ്യത്തിലെത്തിക്കാമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കണം. സമാന സ്വഭാവമുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ യോജിപ്പിക്കുന്നതിന്റെ ആദ്യ പടിയെന്ന നിലയിൽ കെ.എം.എം.എൽ.-ഉം ടി.സി.സി.എൽ.-ഉം യോജിപ്പിച്ച് പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കണം. ഇലക്ട്രിക്കൽ മേഖലയിൽ പ്രവർത്തിക്കുന്ന കമ്പനികളും കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി ജോയിന്റ് വെൻചറിനുള്ള അവസരം കൈവന്നെങ്കിലും അവയിൽ ചിലതിന് കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ താൽപര്യമെടുക്കാത്തതുകൊണ്ട് നേരിടേണ്ടിവന്ന പ്രയാസങ്ങൾക്ക് പരിഹാരമുണ്ടാക്കണം. പൊതുമേഖലാ സ്ഥാപനങ്ങളുടെ വളർച്ചയ്ക്കും വികസനത്തിനുമാവശ്യമായ സമഗ്രമായ പരിപാടി ആവിഷ്ക്കരിച്ച് നടപ്പിലാക്കണം. മുൻ ഗവൺമെന്റിന്റെ 2011-12-ലെ ബഡ്ജറ്റിൽ പബ്ലിക് സെക്ടറിനുണ്ടായിരുന്ന തുകയിൽ കുറവു വരുത്തിയത് പുന:സ്ഥാപിക്കണമെന്ന സബ്ജക്ട് കമ്മിറ്റിയുടെ ശുപാർശ പരിഗണിക്കണം. ടെക്സ്റ്റൈൽ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിനാവശ്യമായ തുക വകയിരുത്തണം.

വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): പൊതുമേഖലാ വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിന് ആവശ്യാനുസരണം ഫണ്ട് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. കേന്ദ്ര-സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ

യോജിച്ചുകൊണ്ട് കേരളത്തിൽ കൂടുതൽ ഇൻവെസ്റ്റ്മെന്റ് കൊണ്ടുവരാനുള്ള ശ്രമങ്ങളുമായി മുന്നോട്ടുപോവുകയാണ്. നിലവിലുള്ള എല്ലാ ജോയിന്റ് വെൻചർ പ്രോജക്ടുകളും വളരെ ശക്തമായി മുന്നോട്ടുപോകാനും പുതിയവ നിർദ്ദേശിക്കാനും ആവശ്യപ്പെട്ടിട്ടുണ്ട്. പബ്ലിക് സെക്ടറിനുണ്ടായിരുന്ന ബഡ്ജറ്റ് പ്രൊവിഷനിൽ വന്നിരിക്കുന്ന കുറവ് പരിഹരിക്കണമെന്ന സബ്ജക്ട് കമ്മിറ്റിയുടെ ശുപാർശ പരിഗണിക്കുന്നതാണ്.

## സബ്മിഷൻ

### (1) പോലീസ് ഉദ്യോഗസ്ഥനെതിരെ നടപടി

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): കോഴിക്കോട് യൂണിവേഴ്സിറ്റി എഞ്ചിനീയറിംഗ് കോളേജിൽ ഉപരോധ സമരം നടത്തുകയായിരുന്ന വിദ്യാർത്ഥികൾക്കുനേരെ അസിസ്റ്റന്റ് പോലീസ് കമ്മീഷണർ ശ്രീ. രാധാകൃഷ്ണ പിള്ള വെടിവച്ചത് എക്സിക്യൂട്ടീവ് മജിസ്ട്രേട്ടിന്റെ അനുമതിയോടുകൂടിയാണെന്ന് പറഞ്ഞെങ്കിലും എക്സിക്യൂട്ടീവ് മജിസ്ട്രേട്ടുമാരാരും സംഭവസ്ഥലത്തുണ്ടായിരുന്നില്ലെന്നും വെടിവയ്പിന് അനുമതി നൽകിയിട്ടില്ലെന്നും വ്യക്തമായിട്ടുണ്ട്. ഇതുസംബന്ധിച്ച് സർക്കാർ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കണം. വെടിവച്ച ഉദ്യോഗസ്ഥനെ സർവ്വീസിൽ നിന്നും പുറത്താക്കണം. മെക്കാനിക്കൽ എഞ്ചിനീയറിംഗിൽ രണ്ട് സെമസ്റ്റർ പൂർത്തിയാക്കിയശേഷം ടി.സി. വാങ്ങി മറ്റൊരു യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള സ്വാശ്രയ കോളേജിൽ ബി.ടെക്കിന് ഒന്നാം സെമസ്റ്ററിന് ചേർന്ന നിർമ്മൽ മാധവിന് മുഖ്യമന്ത്രിയുടെ നേരിട്ടുള്ള ഇടപെടൽ മൂലമാണ് കോഴിക്കോട് എഞ്ചിനീയറിംഗ് കോളേജിൽ മെക്കാനിക്കൽ വിഭാഗത്തിൽ അഞ്ചാം സെമസ്റ്ററിന് അഡ്മിഷൻ നൽകിയതെന്നും അതിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കുന്നുവെന്നും മുഖ്യമന്ത്രി ഇന്നലെ സഭയിൽ വ്യക്ത

മാക്കിയിട്ടുണ്ട്. സർവ്വകാലശാലാ ചട്ടങ്ങൾ ലംഘിച്ചാണ് നിർമ്മൽ മാധവിന് അഡ്മിഷൻ നൽകിയതെന്ന് വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ടിൽ സൂചിപ്പിച്ചി ട്ടുണ്ട്. ഇന്നലെ നടന്ന വെടിവയ്പ്പിലും തുടർന്നുണ്ടായ സംഭവങ്ങളിലും മുഖ്യമന്ത്രിയുടെ നിലപാട് വ്യക്തമാക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : മുൻസർക്കാരിന്റെ കാലത്ത് സ്വകാര്യ ദന്തൽ കോളേജിൽ പഠിച്ചുകൊണ്ടിരുന്ന വിദ്യാർത്ഥിനിക്ക് ഗവൺമെന്റ് ദന്തൽ കോളേജിൽ അഡ്മിഷൻ കൊടുത്തതിനെ മനുഷ്യത്വ ത്തിന്റെ പേരിൽ യു.ഡി.എഫ്. ചോദ്യം ചെയ്തിട്ടില്ല. റാഗിംഗിന് വിധേയ രാകുന്ന കുട്ടികൾക്ക് പഠിക്കാൻ സൗകര്യമുണ്ടാക്കിക്കൊടുക്കുക എന്ന തത്വം ഇവിടെ അംഗീകരിച്ചിട്ടുള്ളതാണ്. ഗവൺമെന്റ് കോളേജിൽ അഡ്മിഷൻ കിട്ടിയതിന്റെ പേരിലാണ് നിർമ്മൽ മാധവിനെ എതിർക്കുന്നതെങ്കിൽ, കോഴിക്കോട് യൂണിവേഴ്സിറ്റിയുടെ സ്വാശ്രയ കോളേജിൽ നിയമാനുസൃതം അഡ്മിഷൻ കിട്ടിയിട്ടും പഠിക്കാൻ അനുവദിക്കാതെ റാഗിംഗിന് വിധേയ നാക്കി കോടതിയിൽ കേസ് വരെ നിൽക്കുന്ന സാഹചര്യം ഉണ്ടാകാനിടയാ യതിനെക്കുറിച്ച് ആലോചിക്കണം. പാവപ്പെട്ട ഒരു വിദ്യാർത്ഥിക്ക് പഠിക്കാനുള്ള അവസരം നിഷേധിക്കുന്നത് ഒരിക്കലും ന്യായീകരിക്കാൻ കഴിയുന്നതല്ല. പ്രശ്നത്തെക്കുറിച്ച് പരിശോധിച്ച് പരിഹാരമുണ്ടാക്കാൻ ചുമ തലപ്പെടുത്തിയ കളക്ടറുടെ നേതൃത്വത്തിലുള്ള ടെക്നിക്കൽ കമ്മിറ്റിയുടെ റിപ്പോർട്ട് വരുന്നതുവരെ സമരങ്ങൾ ചെയ്യാനോ ഈ വിദ്യാർത്ഥി ക്ലാസിൽ വരാനോ പാടില്ല എന്ന ധാരണ ഉണ്ടായിരുന്നു. ആ ധാരണ എസ്.എഫ്. ഐ. വിദ്യാർത്ഥികൾ ലംഘിച്ച സാഹചര്യത്തിലാണ് ആ വിദ്യാർത്ഥി കോളേജിൽ എത്തിയത്. ഗവൺമെന്റ് എല്ലാ വശങ്ങളും പരിശോധിച്ച് സാഹ ചര്യങ്ങൾ വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിലാണ് യൂണിവേഴ്സിറ്റി

എഞ്ചിനീയറിംഗ് കോളേജിൽ പ്രവേശനം നൽകിയത്. റാഗിംഗിന് വിധേയനായ വിദ്യാർത്ഥിക്ക് പഠിക്കാനുള്ള അവസരമുണ്ടാക്കണം. അത് എവിടെയായിരിക്കണമെന്നുള്ളതിന് രമ്യമായ രീതിയിൽ പരിഹാരം കാണാനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> മറ്റൊരു ജില്ലയിലുള്ള കോളേജിൽ അഡ്മിഷൻ കൊടുക്കാൻ ടെക്നിക്കൽ കമ്മിറ്റിക്ക് അധികാരമില്ലെന്നിരിക്കെ പ്രസ്തുത കോളേജിൽ അഡ്മിഷൻ കൊടുത്തതിലൂടെ നയവിരുദ്ധമായ നടപടിക്കാണ് മുഖ്യമന്ത്രി കൂട്ടുനിന്നത്.

<u>ശ്രീ. എ. കെ. ബാലൻ:</u> മൂന്നും നാലും സെമസ്റ്ററുകൾ എഴുതാത്ത ഒരു വിദ്യാർത്ഥിക്ക് അഞ്ചാം സെമസ്റ്ററിലേക്ക് ഗവൺമെന്റ് കോളേജിൽ പ്രവേശനം നൽകിയത് ചട്ടവിരുദ്ധമാണ്. എക്സിക്യൂട്ടീവ് മജിസ്ട്രേട്ടിന്റെ ഉത്തരവ് കൂടാതെ വെടിവയ്പ് നടത്തിയ ഉദ്യോഗസ്ഥനെതിരെ എന്ത് നടപടിയാണ് ഗവൺമെന്റ് സ്വീകരിച്ചതെന്നുകൂടി വ്യക്തമാക്കണം.

<u>ശ്രീ. ഉമ്മൻ ചാണ്ടി:</u> വെടിവയ്പിനെ സംബന്ധിച്ച് ഡി.ജി.പി.യോട് റിപ്പോർട്ട് ആവശ്യപ്പെട്ടെങ്കിലും കാഞ്ഞങ്ങാടുണ്ടായ അനിഷ്ട സംഭവങ്ങളെത്തുടർന്ന് ഡി.ജി.പി.ക്ക് അവിടേക്ക് പോകേണ്ടിവന്നതിനാൽ ഇന്നലെ റിപ്പോർട്ട് ലഭിച്ചിട്ടില്ല. ഡി.ജി.പി.ക്ക് റിപ്പോർട്ട് നൽകാൻ കഴിയാത്ത സാഹചര്യമുണ്ടാകുകയാണെങ്കിൽ എ.ഡി.ജി.പി.യോട് അന്വേഷണം നടത്തി റിപ്പോർട്ട് നൽകാൻ ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതായിരിക്കും.

<u>പ്രതിപക്ഷനേതാവ്:</u> റാഗിംഗിന് വിധേയനായ വിദ്യാർത്ഥിക്ക് നിയമവിധേയമായ മാർഗത്തിലൂടെ കോളേജിൽ പ്രവേശനം നൽകണം. വിദ്യാർത്ഥികൾക്കുനേരെ വെടിവയ്പുനടത്തിയ ഉദ്യോഗസ്ഥന്റെ പേരിലുള്ള

അന്വേഷണം നീട്ടിക്കൊണ്ടുപോകുന്നതിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## (2) <u>ഗെയിൽ വാതക പൈപ്പുലൈൻ പദ്ധതി</u>

<u>ശ്രീ. വി. ഡി. സതീശൻ</u>: കൊച്ചി പുതുവൈപ്പിനിലെ എൽ.എൻ.ജി. ടെർമിനലിൽ നിന്നും ആരംഭിക്കുന്ന ഗ്യാസ് അതോറിറ്റി ഓഫ് ഇന്ത്യയുടെ വാതക പൈപ്പുലൈൻ പദ്ധതി എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ ജനവാസമേഖലകളിൽ കൂടി കടന്നുപോകുന്നതുമൂലം നിർമ്മാണ പ്രവർത്തനങ്ങളോ കാർഷികപ്രവൃത്തിയോ സാദ്ധ്യമല്ലാതാകുന്നു. പൈപ്പുലൈൻ കൊണ്ടുപോകുന്നതിന് 20 മീറ്റർ വീതിയിൽ സ്ഥലം ആവശ്യമായി വരുന്നതിനാൽ ഗ്യാസ് അതോറിറ്റി ഓഫ് ഇന്ത്യ സ്ഥലം ഏറ്റെടുക്കാതെ തന്നെ മാർക്കറ്റുവിലയുടെ 10% നിശ്ചയിച്ചുകൊണ്ട് പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുകയാണ്. ഗ്യാസ് അതോറിറ്റി ഓഫ് ഇന്ത്യയും ബന്ധപ്പെട്ട ആക്ഷൻ കൗൺസിലുമായി ചർച്ച നടത്തി നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കാനും പൈപ്പുലൈൻ ജനവാസമേഖലകളിൽ നിന്ന് മാറ്റി സ്ഥാപിക്കാനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>): ഗ്യാസ് അതോറിറ്റി ഓഫ് ഇന്ത്യയുടെ വാതക പൈപ്പുലൈൻ പദ്ധതി കേന്ദ്ര സർക്കാരിന്റെ പെട്രോളിയം ആന്റ് മിനറൽ പൈപ്പ് ലൈൻ ആക്ട് പ്രകാരമാണ് നടപ്പിലാക്കുന്നത്.

പൈപ്പുലൈൻ കടന്നുപോകേണ്ട സ്ഥലം ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുകയാണ്. ജനങ്ങൾക്ക് ഇക്കാര്യത്തിലുള്ള ആശങ്ക സംബന്ധിച്ച് ഗ്യാസ് അതോറിറ്റി ഓഫ് ഇന്ത്യയുമായി സർക്കാർ ചർച്ച നടത്തിയിട്ടുണ്ട്. ഭൂമിയുടെ ഒന്നര മീറ്റർ താഴെക്കൂടി പൈപ്പുലൈൻ പോകുന്നതുകൊണ്ട് നിർമ്മാണപ്രവർത്തനങ്ങൾ നടത്താൻ സാധിക്കില്ലെങ്കിലും നെല്ല്, കപ്പ, വാഴ തുടങ്ങിയ കൃഷി ചെയ്യുന്നതിനും വാഹന ഗതാഗതത്തിനുള്ള റോഡ് നിർമ്മിക്കുന്നതിനും തടസ്സമില്ലെന്ന് അറിയിച്ചിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുമ്പോൾ നൽകുന്ന പൊന്നുംവില കൊടുക്കാൻ ഗ്യാസ് അതോറിറ്റി ഓഫ് ഇന്ത്യ തയ്യാറാകുന്നില്ല. Right of Use എന്ന രീതിയിൽ മാർക്കറ്റ് വിലയുടെ 10%-ഉം ഭൂമിയുടെ വിലവർദ്ധനവ് അനുസരിച്ചുള്ള വിലയുമാണ് നൽകുന്നത്. ഗ്യാസ് അതോറിറ്റി ഓഫ് ഇന്ത്യയുമായി സർക്കാർ ഇക്കാര്യം ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. മറ്റുള്ള ആശങ്കകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

## (3) ആക്കുളം കായലിലെ മണൽക്കടത്ത്

ശ്രീ. എം. എ. വാഹീദ്: ആക്കുളം കായൽ നവീകരണത്തിനും ടൂറിസം വികസനത്തിനും 12-ാം ധനകാര്യ കമ്മീഷൻ അനുവദിച്ച 30 കോടി രൂപ വകമാറ്റി ചെലവഴിച്ചുകൊണ്ട് ട്രാവൻകൂർ സിമെന്റ്സ് ലിമിറ്റഡ് കായൽ മണൽ കടത്തുന്ന നടപടിയെക്കുറിച്ച് വിജിലൻസ് അന്വേഷണം നടത്തണം.

വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി): മണൽ വാരുന്നതിന് ട്രാവൻകൂർ സിമെന്റ്സ് ലിമിറ്റഡിനെ ചുമതലപ്പെടുത്തിയത് നിയമപ്രകാരമല്ലാത്തതിനാൽ

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ആലോചിച്ച് ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

### (4) വാടകനിയന്ത്രണ നിയമ പരിഷ്ക്കാരം

ശ്രീ. ഇ.പി. ജയരാജൻ: വാടകനിയന്ത്രണ നിയമത്തിൽ കാലോചിതമായ പരിഷ്ക്കാരം വരുത്തി കച്ചവടക്കാർക്കും കെട്ടിട ഉടമകൾക്കും സംരക്ഷണം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): കേന്ദ്ര ഗവണ്മെന്റിന്റെ 'ജൻറം' പദ്ധതിയുടെ ധനസഹായം ലഭിക്കണമെങ്കിൽ നിലവിലുള്ള വാടകനിയന്ത്രണ നിയമം കാലോചിതമായി പരിഷ്ക്കരിക്കേണ്ടതുണ്ട്. കേന്ദ്ര ഗവണ്മെന്റിന്റെ 'മോഡൽ റെന്റ് കൺട്രോൾ ലെജിസ്ലേഷൻ' വ്യവസ്ഥകളും ലാ റിഫോംസ് കമ്മീഷൻ തയ്യാറാക്കിയ കരട് ബില്ലും കേരള വാടക നിയന്ത്രണ നിയമത്തിലെ വ്യവസ്ഥകളുമായി ബന്ധപ്പെട്ട് കെട്ടിട ഉടമ അസോസിയേഷനുകളും വ്യാപാരി-വ്യവസായി സംഘടനകളും നൽകിയ നിർദ്ദേശങ്ങളും പരിഗണിച്ച് ഒരു ബിൽ നിയമ വകുപ്പ് തയ്യാറാക്കിവരുന്നു. ബില്ലിലെ വ്യവസ്ഥകൾ സംബന്ധിച്ച് ബന്ധപ്പെട്ടവരുടെ അഭിപ്രായങ്ങൾ ആരായുന്നതാണ്.

### (5) തൃശ്ശൂരിൽ കാർഷിക കെട്ടിടസമുച്ചയം

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: തൃശ്ശൂർ നഗരത്തിൽ കൃഷിവകുപ്പിന്റെ ജീർണ്ണാവസ്ഥയിലായ കെട്ടിടം പൊളിച്ചുമാറ്റി കാർഷിക കെട്ടിടസമുച്ചയം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): തൃശ്ശൂർ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ

വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന വിവിധ കൃഷി ഓഫീസുകൾ ഒറ്റക്കെട്ടിടത്തിൽ കൊണ്ടുവരുന്നതിന് നിലവിലുള്ള ജീർണ്ണാവസ്ഥയിലായ കെട്ടിടം പൊളിച്ചുമാറ്റി കാർഷിക കെട്ടിടസമുച്ചയം നിർമ്മിക്കുന്നതാണ്. 6 കോടി രൂപ ചെലവിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന കെട്ടിട സമുച്ചയത്തിന്റെ പ്ലാൻ സഹിതം റിപ്പോർട്ട് നൽകാൻ അഡീഷണൽ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## (6) രാസവളങ്ങളുടെ വിലവർദ്ധന

ശ്രീ. രാജു എബ്രഹാം : രാസവളങ്ങളുടെ സബ്സിഡി കേന്ദ്ര സർക്കാർ പിൻവലിച്ചതുവഴി ഉണ്ടായ വൻ വിലവർദ്ധനവിൽ നിന്നും കൃഷിക്കാരെ രക്ഷിക്കാനും ഫാക്ടംഫോസിന്റെ വില നിയന്ത്രിക്കാനും നടപടി സ്വീകരിക്കണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : കേന്ദ്ര സർക്കാർ വിലനിയന്ത്രണാധികാരം കമ്പനികൾക്ക് നൽകിയതോടെ രാസവള വില വളരെയധികം വർദ്ധിച്ചിട്ടുണ്ട്. നിലവിൽ സംസ്ഥാന ഗവൺമെന്റ് നെല്ല്, തെങ്ങ്, വാഴ തുടങ്ങിയ പ്രധാന വിളകൾക്ക് കേന്ദ്രാവിഷ്കൃത പദ്ധതിയിൽപ്പെടുത്തി വളം സബ്സിഡി നൽകി വരുന്നു. നെൽകർഷകർക്ക് സുസ്ഥിര നെൽക്കൃഷി പദ്ധതിയിൽപ്പെടുത്തി രാസവളം ഉൾപ്പെടെയുള്ള ഉപാധികൾക്ക് 29 കോടി രൂപയുടെ ധനസഹായം നൽകുകയും ഭക്ഷ്യസുരക്ഷാ പദ്ധതിയിൽപ്പെടുത്തി രാസവള സബ്സിഡിയായി 5 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കൊല്ലം, തിരുവനന്തപുരം, തൃശ്ശൂർ ജില്ലകളിലെ തെരഞ്ഞെടുത്ത ബ്ലോക്കുകളിൽ നാളികേര കർഷകർക്ക് നാളികേര വികസന ബോർഡ് വഴി സൗജന്യമായി 71 കോടി രൂപയുടെ വളം വിതരണം ചെയ്യുന്നുണ്ട്. കേരശ്രീ പദ്ധതി, ത്രിതല പഞ്ചായ

ത്ത് പദ്ധതി എന്നിവ വഴിയും സബ്സിഡി നിരക്കിൽ രാസവളം വിതരണം ചെയ്യുന്നതിനുപുറമെ സർക്കാരും സബ്സിഡി കൊടുത്ത് കർഷകരെ സഹായിക്കുന്നുണ്ട്.

### (7) മോണോ റെയിൽ പദ്ധതി

ശ്രീ. ബി. സത്യൻ : നിർദ്ദിഷ്ട മോണോ റെയിൽ പദ്ധതി ആറ്റിങ്ങൽ വരെ ദീർഘിപ്പിക്കുവാൻ നടപടി സ്വീകരിക്കണം.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) : തിരുവനന്തപുരം ജില്ലയിൽ ബാലരാമപുരം മുതൽ കഴക്കൂട്ടംവരെ 28 കി.മീ. ദൂരത്തിൽ മോണോ റെയിൽ സ്ഥാപിക്കാൻ സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ പഠനം നടത്തി രണ്ട് മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കാൻ നാറ്റ്പാക്കിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നെയ്യാറ്റിൻകര, ആറ്റിങ്ങൽ, വർക്കല എന്നീ സ്ഥലങ്ങളിലേക്കുകൂടി ഇത് ദീർഘിപ്പിക്കണമെന്ന ആവശ്യം ഗവൺമെന്റിന്റെ പരിഗണനയിലാണ്. .

### (8) എൻ.ആർ.ഐ. നിക്ഷേപങ്ങൾക്ക് സംരക്ഷണം.

ശ്രീ. ജോസഫ് വാഴക്കൻ: എൻ.ആർ.ഐ. നിക്ഷേപങ്ങൾക്ക് സംരക്ഷണം ഉറപ്പാക്കാൻ നിയമനിർമ്മാണം നടത്തുന്നതിനും പ്രസ്തുത നിക്ഷേപം സംബന്ധിച്ച പരാതികൾ അന്വേഷിക്കുന്നതിന് ഒരു മുതിർന്ന പോലീസ് ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): എൻ.ആർ.ഐ. നിക്ഷേപങ്ങളുടെ സംരക്ഷണം സംബന്ധിച്ച് നിലവിലുള്ള നിയമനിർമ്മാണത്തിൽ പോരായ്മകൾ ഉണ്ടെങ്കിൽ അത് കണ്ടെത്തി പരിഹരിക്കാനും ആവശ്യമാണെങ്കിൽ

പുതിയ നിയമനിർമ്മാണത്തിനും ഗൾഫ് മലയാളികൾക്ക് ആവശ്യമായ സംരക്ഷണം നൽകുന്നതിനും ഗവൺമെന്റ് നടപടി സ്വീകരിക്കുന്നതാണ്. നോർക്ക വകുപ്പും ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധചെലുത്തുന്നതാണ്.

## (9) ചുമട്ടുകൂലി

ശ്രീ. എസ്. രാജേന്ദ്രൻ: ദേവികുളം നിയോജകമണ്ഡലത്തിൽ ഇടമലക്കുടിയിലെ റേഷൻ ഡിപ്പോയിലേക്ക് സാധനങ്ങൾ എത്തിക്കുന്നതിനുള്ള ചുമട്ടുകൂലി പുന:സ്ഥാപിക്കണം.

ഭക്ഷ്യവും സിവിൽസപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രിക്കുവേണ്ടി തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബിജോൺ): ദേവികുളം താലൂക്കിലെ ഇടമലക്കുടി പഞ്ചായത്തിൽ ഗിരിജൻ സൊസൈറ്റി നടത്തിവരുന്ന റേഷൻ ഡിപ്പോകളിലേക്ക് മൂന്നാറിലുള്ള മൊത്തവ്യാപാര ഡിപ്പോയിൽനിന്ന് തലച്ചുമടായി റേഷൻ സാധനങ്ങൾ എത്തിക്കുന്നതിന് കിലോഗ്രാമിന് 10 രൂപ 50 പൈസ നിരക്കിൽ ട്രൈബൽ ഡിപ്പാർട്ടുമെന്റിൽനിന്നും നൽകിവന്നിരുന്ന ചുമട്ടുകൂലി കുറേ നാളുകളായി അനുവദിച്ചിട്ടില്ല. പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പ് പുറപ്പെടുവിച്ച ഓർഡർ പ്രകാരം പത്തുലക്ഷം രൂപ ഇതിന്റെ ചെലവിലേക്ക് അനുവദിച്ചിട്ടുണ്ട്. 31-03-2011 വരെയുള്ള തുക ട്രൈബൽ സൊസൈറ്റിക്ക് നൽകിയിട്ടുണ്ട്. തുടർന്നും സർക്കാർതന്നെ ചുമട്ടുകൂലി വഹിക്കുന്നതാണ്.

## (10) വിദ്യാർത്ഥികളുടെ യാത്രാനിരക്ക് വർദ്ധന

ശ്രീ. ആർ. രാജേഷ്: കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ വിദ്യാർത്ഥികളുടെ യാത്രാനിരക്ക് വർദ്ധിപ്പിച്ച നടപടി പിൻവലിക്കണം.

ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): 06-08-2011 മുതൽ കേരളത്തിലെ എല്ലാ സ്റ്റേജ് കാര്യേജുകളിലേയും ടിക്കറ്റ് നിരക്ക് വർദ്ധിപ്പിച്ചുവെങ്കിലും വിദ്യാർത്ഥികളുടെ യാത്രാനിരക്കിൽ വ്യത്യാസം വരുത്തിയിട്ടില്ല. എന്നാൽ ഈ ഉത്തരവിലെ ക്ലാസ് 'സി' പ്രകാരം 25 പൈസയും അതിനുതാഴെയുള്ള നാണയങ്ങളും പിൻവലിച്ചതിനാൽ 50 പൈസയുടെ ഗുണിതങ്ങളാക്കി വിദ്യാർത്ഥികളുടെ കൺസഷൻ നിരക്ക് ക്രമീകരിച്ചതുമൂലം ആദ്യത്തെ സ്റ്റേജ് ഒഴികെയുള്ള സ്റ്റേജുകളിൽ കൺസഷൻ ടിക്കറ്റ് നിരക്കിൽ നാമമാത്ര വർദ്ധനവ് ഉണ്ടായിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് യാത്രാസൗജന്യം അനുവദിക്കുന്ന ഇനത്തിൽ പ്രതിവർഷം ശരാശരി 54 കോടി രൂപയുടെയും വികലാംഗർ, അന്ധർ, ബുദ്ധിമാന്ദ്യം സംഭവിച്ചവർ തുടങ്ങിയ വിവിധ വിഭാഗങ്ങൾക്ക് യാത്രാസൗജന്യം നൽകുന്ന ഇനത്തിൽ ശരാശരി ഒരു വർഷം 80 കോടി രൂപയുടെയും സാമ്പത്തിക ബാധ്യതയും കെ.എസ്.ആർ.ടി.സി.ക്ക് ഉണ്ടാകുന്നു. കെ.എസ്.ആർ.ടി.സി. യുടെ ടൗൺ ടു ടൗൺ സർവ്വീസ് ഒഴികെയുള്ള എല്ലാ ഓർഡിനറി സർവ്വീസു കളിലും ലിമിറ്റഡ് സ്റ്റോപ്പ് ഓർഡിനറി ബസ്സുകളിലും വിദ്യാർത്ഥികൾക്ക് യാത്രാ സൗജന്യം അനുവദിക്കുകയും കൺസഷൻ ദൂരം പരമാവധി 40 കി.മീ. ആയി നിജപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇടുക്കി, വയനാട് തുടങ്ങിയ മലയോര ജില്ലകളിൽ 40 കിലോമീറ്ററിനകത്ത് വിദ്യാഭ്യാസ സ്ഥാപ നമില്ലെങ്കിൽ 40 കിലോമീറ്ററിന് പുറത്തുള്ള വിദ്യാഭ്യാസ സ്ഥാപനത്തിൽ പഠിക്കുന്നതിനും കൺസഷൻ ടിക്കറ്റ് ഉപയോഗിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

### (11) <u>താനൂരിൽ ആർട്സ് ആന്റ് സയൻസ് കോളേജ്</u>

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി:</u> താനൂർ നിയോജകമണ്ഡലത്തിൽ സർക്കാർ മേഖലയിലോ എയ്ഡഡ് മേഖലയിലോ ഒരു ആർട്സ് ആന്റ് സയൻസ് കോളേജ് ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി <u>(ശ്രീ. പി.കെ. അബ്ദു റബ്ബ്):</u> മലപ്പുറം ജില്ലയിലെ താനൂർ നിയോജകമണ്ഡലത്തിൽ ആർട്സ് ആന്റ് സയൻസ് കോളേജ് സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലലഭ്യത, കെട്ടിട നിർമ്മാണം, അധിക സാമ്പത്തിക ബാധ്യത, ആരംഭിക്കേണ്ട കോഴ്സുകൾ, കോളേജ് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ അദ്ധ്യാപക/അദ്ധ്യാപകേതര ജീവനക്കാരുടെ വിവരങ്ങൾ എന്നിവ അടങ്ങിയ വിശദമായ ശുപാർശ ലഭിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട സർവ്വകലാശാലയുടെ അഭിപ്രായംകൂടി ആരാഞ്ഞശേഷം ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

### (12) <u>മാധ്യമ പ്രവർത്തകർക്കു നേരെ നടന്ന ആക്രമണം</u>

<u>ശ്രീ. പി.സി. വിഷ്ണുനാഥ്</u>: കഴിഞ്ഞ രണ്ടുദിവസങ്ങളിലായി കണ്ണൂരിൽ നടന്ന അക്രമപ്രവർത്തനങ്ങൾ റിപ്പോർട്ട് ചെയ്യാനെത്തിയ മാദ്ധ്യമപ്രവർത്തകരെ ആക്രമിച്ചവർക്കെതിരെ കർശന നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി <u>(ശ്രീ. ഉമ്മൻ ചാണ്ടി):</u> കോഴിക്കോട് സംഭവത്തെത്തുടർന്ന് കഴിഞ്ഞ ദിവസം കണ്ണൂരിൽ എസ്.എഫ്.ഐ./ഡി.വൈ.എഫ്.ഐ. പ്രവർത്തകർ നടത്തിയ പ്രതിഷേധ പ്രകടനങ്ങളിൽ അക്രമാസക്തരായവർ സർക്കാർ മുതലുകൾ നശിപ്പിക്കുകയും പോലീസ് ഉദ്യോഗസ്ഥരേയും മാധ്യമ പ്രവർത്തകരേയും ആക്രമിച്ച് പരിക്കേൽപ്പിക്കുകയും ചെയ്തു. ഒരു സംഘം എസ്.എഫ്.ഐ. പ്രവർത്തകർ കണ്ണൂർ ജില്ലാ കളക്ടർ, ഡി.ഐ.ജി., ജില്ലാ

പോലീസ് മേധാവി തുടങ്ങിയവരുടെ ഔദ്യോഗിക വസതികൾക്കുനേരെ കല്ലെറിഞ്ഞ രംഗം ക്യാമറയിൽ ചിത്രീകരിക്കാൻ ശ്രമിച്ച മാധ്യമപ്രവർത്ത കരെ ആക്രമിക്കുകയും ക്യാമറകൾ കേട് വരുത്തുകയും ചെയ്തു. മാധ്യമ പ്രവർത്തകരുടെ പരാതി അനുസരിച്ച് വധശ്രമം ഉൾപ്പെടെയുള്ള വകുപ്പുകൾ ചേർത്ത് മൂന്ന് കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

### (13) <u>കാഞ്ഞങ്ങാട് നടന്ന അക്രമ പ്രവർത്തനങ്ങൾ</u>

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ:</u> 09-10-2011-ന് പൊതുയോഗത്തോടനുബന്ധിച്ചു ണ്ടായ സംഘർഷത്തെത്തുടർന്ന് കാഞ്ഞങ്ങാട് പട്ടണത്തിലും പരിസര പ്രദേശങ്ങളിലും നടക്കുന്ന വ്യാപകമായ അക്രമങ്ങളെക്കുറിച്ച് സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനെ ചുമതലപ്പെടുത്തി ഉത്തരവാദികളായവർക്കെ തിരെ അടിയന്തര നടപടി സ്വീകരിക്കണം.

### (14) <u>പള്ളിക്കര പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിലെ അക്രമങ്ങൾ</u>

<u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ):</u> കാഞ്ഞങ്ങാട് സംഭവവുമായി ബന്ധപ്പെട്ട് ഉദുമ നിയോജകമണ്ഡലത്തിലെ പള്ളിക്കര പഞ്ചായത്തിന്റെ തീരദേശ മേഖലയിലെ വിവിധ ഭാഗങ്ങളിൽ നടന്നുവരുന്ന അക്രമങ്ങൾ നിയ ന്ത്രിക്കുന്നതിനും കുറ്റക്കാരെ കണ്ടെത്തുന്നതിനും അടിയന്തര നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി <u>(ശ്രീ. ഉമ്മൻ ചാണ്ടി):</u> കാഞ്ഞങ്ങാട് നടന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ട ഉടൻതന്നെ പോലീസുമായും ജില്ലാകളക്ടറുമായും ബന്ധപ്പെട്ട് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇപ്പോൾ പ്രശ്നം നിയന്ത്രണ വിധേയമാണ്. ഡി.ഐ.ജി.യുടെ നേതൃത്വത്തിലുള്ള പോലീസ് സംഘത്തെ സംഭവസ്ഥലത്ത് നിയോഗിച്ചിട്ടുണ്ട്. സമാധാന യോഗം വിളിച്ചു

ചേർത്തിട്ടുണ്ട്. ക്രമസമാധാനം പുന:സ്ഥാപിക്കാൻ എല്ലാവരുടേയും സഹകരണം ഉണ്ടാകണം. ആവശ്യമായ സ്ഥലങ്ങളിൽ 144 പ്രഖ്യാപിക്കുകയും പട്രോളിംഗ് ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കാര്യങ്ങൾ പൂർണ്ണമായും നിയന്ത്രണത്തിൽ കൊണ്ടുവരാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കുറ്റക്കാർക്കെതിരെ നിയമ നടപടി സ്വീകരിക്കും.

മി. സ്പീക്കർ: കാഞ്ഞങ്ങാട് ഉണ്ടായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും മേലിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനും എല്ലാവരുടേയും സഹകരണം അഭ്യർത്ഥിക്കുകയാണ്.

## (15) കെ.വി.വി.എസ്. കോളേജിൽ നടന്ന അക്രമം

ശ്രീ. കെ. ശിവദാസൻ നായർ: 10-08-2011-ന് മദ്യപിച്ച് ക്ലാസ്സിൽ എത്തിയ രണ്ടുകുട്ടികളെ സസ്പെന്റ് ചെയ്തതിനെത്തുടർന്ന് അടൂർ-കൈതപ്പറമ്പ് കെ.വി.വി.എസ്. കോളേജിൽ എസ്.എഫ്.ഐ./ഡി.വൈ.എഫ്.ഐ. പ്രവർത്തകർ നടത്തിയ അക്രമസംഭവങ്ങളെക്കുറിച്ച് അന്വേഷിച്ച് ശക്തമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : അടൂർ കൈതപ്പറമ്പ് കെ.വി.വി.എസ്. കോളേജിൽ മദ്യപിച്ച് ബഹളമുണ്ടാക്കിയതിനെത്തുടർന്ന് പുറത്താക്കിയ വിദ്യാർത്ഥികളെ തിരികെ പ്രവേശിപ്പിക്കണമെന്നാവശ്യപ്പെട്ട് 11-10-2011-ന് എസ്.എഫ്.ഐ./ഡി.വൈ.എഫ്.ഐ. സംഘടനകളുടെ നേതൃത്വത്തിൽ കോളേജിൽ അതിക്രമിച്ച് കയറി ഭീഷണിപ്പെടുത്തുകയും നാശനഷ്ടങ്ങളുണ്ടാക്കുകയും ചെയ്ത മുപ്പതോളം പ്രവർത്തകരുടെ പേരിൽ പോലീസ് കേസ്സെടുത്തിട്ടുണ്ട്. കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്.

**<u>മേശപ്പുറത്തുവച്ച കടലാസ്സുകൾ</u>**

(1) കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

**<u>റിപ്പോർട്ട് സമർപ്പണം</u>**

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റിയുടെ 2011 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടും 2011-ലെ കേരള തദ്ദേശഭരണ സ്ഥാപന വായ്പാ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സമർപ്പിക്കപ്പെട്ടു.

**<u>റൂളിംഗ്</u>**

**<u>ഉദ്യോഗസ്ഥ ഗ്യാലറിയിലുള്ളവർ പെരുമാറ്റത്തിൽ മിതത്വം പാലിക്കണമെന്നത് സംബന്ധിച്ച്</u>**

<u>മി. സ്പീക്കർ</u> : 10-10-2011-ന് സഭയിലുണ്ടായ നിർഭാഗ്യകരവും ഇനി ഒരിക്കലും ആവർത്തിക്കാൻ പാടില്ലാത്തതുമായ സംഭവത്തെത്തുടർന്ന് ഓഫീസേഴ്സ് ഗ്യാലറിയിലിരുന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥനെ ചെയർ ചേമ്പറിൽ വിളിച്ചുവരുത്തി വിശദീകരണം തേടിയപ്പോൾ പിന്നിലിരുന്നവരുമായുള്ള സംഭാഷണത്തിൽ പങ്കെടുക്കുക മാത്രമാണ് താൻ ചെയ്തതെന്നും സഭയെ അവഹേളിക്കുന്ന തരത്തിലുള്ള പെരുമാറ്റം ഉണ്ടായിട്ടില്ലെന്നും അറിയിക്കുകയുണ്ടായി. സംസാരത്തിനിടയിൽ സഭാംഗങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകുന്ന തരത്തിലുള്ള പെരുമാറ്റമുണ്ടായത് ശരിയായ നടപടിയല്ലാത്തതിനാൽ ചെയർ ശക്തമായ താക്കീത് നൽകിയിട്ടുണ്ട്. സഭ നടക്കുന്ന വേളയിൽ ഉദ്യോഗസ്ഥ ഗ്യാലറിയിലുള്ളവർ സംസാരത്തിലും പെരുമാറ്റത്തിലും മിതത്വം പാലിക്കണമെന്ന് നിർദ്ദേശിക്കുന്നു.

<u>ധനകാര്യം</u>

## 2011–12 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥന കളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ജലവിഭവ വകുപ്പുമന്ത്രി <u>(ശ്രീ. പി.ജെ. ജോസഫ്)</u> : താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XX - ശുദ്ധജലവിതരണവും ശുചീകരണവും (455,19,71,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXXVIII- ജലസേചനം (418,80,73,000 രൂപ)

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി <u>(ശ്രീ. കെ.പി. മോഹനൻ)</u> : പ്രമേയത്തെ പിൻതാങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിക്കുവേണ്ടി കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി <u>(ശ്രീ. കെ.പി. മോഹനൻ)</u> : ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയേയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന ചട്ടം 236(3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്തു വയ്ക്കുന്നു.

സർവ്വശ്രീ ജി. സുധാകരൻ, ബി. സത്യൻ, ആർ. സെൽവരാജ്, എസ്. ശർമ്മ, പി. ശ്രീരാമകൃഷ്ണൻ, വി. ശിവൻകുട്ടി, കെ.വി. വിജയദാസ്, സി. ദിവാകരൻ, പി. തിലോത്തമൻ, ചിറ്റയം ഗോപകുമാർ, ജി.എസ്. ജയലാൽ, ഇ.കെ. വിജയൻ, മുല്ലക്കര രത്നാകരൻ, മാത്യു റ്റി. തോമസ്, എ.കെ. ശശീന്ദ്രൻ, എ.എ. അസീസ്, തോമസ് ചാണ്ടി, ജോസ് തെറ്റയിൽ, കെ.വി. അബ്ദുൾ ഖാദർ, എ.എം. ആരിഫ്, ബാബു.എം. പാലിശ്ശേരി, എം.എ. ബേബി, എ.കെ. ബാലൻ, എം. ചന്ദ്രൻ, എളമരം കരീം, പി.കെ. ഗുരുദാസൻ,

എം.ഹംസ, ജെയിംസ് മാത്യു, കെ.കെ. ജയചന്ദ്രൻ, കെ.രാജു, കോടിയേരി ബാലകൃഷ്ണൻ, കോലിയക്കോട് എൻ. കൃഷ്ണൻ നായർ, സി. കൃഷ്ണൻ, കെ.കുഞ്ഞമ്മത് മാസ്റ്റർ, കെ.കുഞ്ഞിരാമൻ (ഉദുമ), കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ), പുരുഷൻ കടലുണ്ടി, കെ. രാധാകൃഷ്ണൻ, ആർ. രാജേഷ്, റ്റി.വി. രാജേഷ്, രാജു എബ്രഹാം, സി.കെ. സദാശിവൻ, സാജു പോൾ, കെ. ദാസൻ, പ്രൊഫ. സി. രവീന്ദ്രനാഥ്, ശ്രീമതിമാർ ഗീതാ ഗോപി, പി. അയിഷാ പോറ്റി, കെ.എസ്. സലീഖ, കെ.കെ. ലതിക, ഇ.എസ്. ബിജിമോൾ, ജമീലാ പ്രകാശം എന്നീ അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

ശ്രീ. എ.എം. ആരിഫ് : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സർക്കാരിന്റെ നൂറുദിന കർമ്മപരിപാടിയിൽ ജലവിഭവ വകുപ്പിന്റെ പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല. വകുപ്പിന് പ്രവർത്തിക്കാനാവശ്യമായ പണം അനുവദിക്കണം. സംസ്ഥാനത്തെ ജലസ്രോതസ്സുകൾ മാലിന്യമുക്തമാക്കാനും സാംക്രമിക രോഗങ്ങൾ പടർന്നു പിടിക്കുന്നത് തടയാനും നടപടി സ്വീകരിക്കണം. കഴിഞ്ഞ സർക്കാർ തുടങ്ങിവച്ച പദ്ധതികളല്ലാതെ പുതിയ പദ്ധതികൾ ആരംഭിക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടില്ല. പദ്ധതികൾ യഥാസമയം മോണിറ്റർ ചെയ്യാൻ കഴിയണം. ആലപ്പുഴ ജില്ലയിലെ ജപ്പാൻ കുടിവെള്ള പദ്ധതി പൂർത്തീകരിക്കണം. കുട്ടനാട് പാക്കേജ് നടപ്പാക്കാൻ നടപടി സ്വീകരിക്കണം. കറന്റ് ചാർജും ബസ് ചാർജും വർദ്ധിപ്പിച്ച നടപടിയും വെള്ളക്കരം വർദ്ധിപ്പിക്കാനുള്ള നീക്കവും അങ്ങേയറ്റം പ്രതിഷേധാർഹമാണ്. എല്ലാ നിലയിലും ജനങ്ങളെ ബുദ്ധിമുട്ടിച്ച് മുന്നോട്ടുപോകുന്ന നയമാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

ശ്രീ. കെ. അച്ചുതൻ : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കഴിഞ്ഞ അഞ്ച് കൊല്ലംകൊണ്ട് നടത്താൻ സാധിക്കാത്ത വികസനപ്രവർത്തനങ്ങ

ളാണ് 100 ദിവസംകൊണ്ട് ഈ സർക്കാർ നടത്തിയിട്ടുള്ളത്. ഭാഷാ ന്യൂനപക്ഷ കമ്മിറ്റി കഴിഞ്ഞ അഞ്ച് കൊല്ലക്കാലത്തിനിടയിൽ ഒരു പ്രാവശ്യം മാത്രമാണ് കൂടിയിട്ടുള്ളത്. പ്രസ്തുത യോഗത്തിലെടുത്ത തീരുമാനത്തിൽ ഒന്നുപോലും നടപ്പാക്കാൻ കഴിഞ്ഞ സർക്കാരിന് കഴിഞ്ഞില്ല. ആർ.ബി. കനാൽ എക്സ്റ്റൻഷനിലൂടെ പറമ്പിക്കുളം-ആളിയാറിൽനിന്നും ഒഴുകിവന്ന് മൂലത്തറയിൽ എത്തിച്ചേരുന്ന വെള്ളം വേലന്താവളം വരെ എത്തിക്കാനും പ്രസ്തുത പ്രദേശത്തെ രൂക്ഷമായ കുടിവെള്ളക്ഷാമത്തിന് പരിഹാരം കാണാനും നടപടി സ്വീകരിക്കണം. ജനങ്ങൾക്ക് കുടിവെള്ള മെത്തിക്കുക എന്നതായിരിക്കണം ഈ ഗവൺമെന്റിന്റെ പ്രധാന ലക്ഷ്യം.

<u>ശ്രീ. പി. തിലോത്തമൻ</u> : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽവന്നതിനുശേഷം വൈദ്യുതി ചാർജ്, ബസ് ചാർജ്, പാൽവില എന്നിവ വർദ്ധിപ്പിച്ച നടപടി പ്രതിഷേധാർഹമാണ്. കഴിഞ്ഞ ഗവൺമെന്റ് കേരള വാട്ടർ അതോറിറ്റിക്ക് ഉൽപ്പാദനച്ചെലവിനനുസൃ തമായ ഗ്രാന്റ് നൽകിയിരുന്നു. ഈ ഗവൺമെന്റ് കുടിവെള്ളത്തിന് വില വർദ്ധിപ്പിക്കുന്നതിലൂടെ ജനങ്ങൾക്ക് അധികഭാരം ഉണ്ടാക്കുകയാണ് ചെയ്യു ന്നത്. ഗ്രാമപ്രദേശങ്ങളിലെ കുടിവെള്ളവിതരണത്തിന് നോൺ-പ്ലാൻ ഫണ്ടിൽ കൂടുതൽ തുക വകയിരുത്തണം. കേരള വാട്ടർ അതോറിറ്റി ജീവന ക്കാരുടെ ശമ്പളപരിഷ്ക്കരണം നടപ്പിലാക്കണം. താൽക്കാലിക ജീവന ക്കാരെ സ്ഥിരപ്പെടുത്തണം. എസ്.എൽ.ആർ./സി.എൽ.ആർ. ജീവനക്കാരെ സ്ഥിരപ്പെടുത്തുമെന്ന ഉറപ്പ് പാലിക്കണം. റെയിൻവാട്ടർ ഹാർവെസ്റ്റിംഗ് സമ്പ്രദായം ആവിഷ്ക്കരിച്ച് നടപ്പിലാക്കണം. ജലസ്രോതസ്സുകൾ മലിനമാകു ന്നത് തടയുന്നതിനും കൂടുതൽ ശുദ്ധജല വിതരണ പദ്ധതികൾ ആവിഷ്ക്ക രിച്ച് നടപ്പിലാക്കുന്നതിനും നടപടി സ്വീകരിക്കണം. മാലിന്യങ്ങളിൽ നിന്ന്

വേമ്പനാട് കായലിനെ സംരക്ഷിക്കണം. പണി പൂർത്തിയായ ജെ.ബി.ഐ.സി.യിൽപ്പെട്ട ചേർത്തല പാക്കേജിന്റെ കമ്മീഷനിംഗ് വൈകിപ്പിക്കുന്നത് ശരിയല്ല. കഴിഞ്ഞ ഗവൺമെന്റ് പ്രായോഗികമല്ലെന്നുകണ്ട് ഉപേക്ഷിച്ച മീനച്ചിലാർ പദ്ധതിയെക്കുറിച്ച് പഠിക്കാൻ വീണ്ടും വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിരിക്കുന്നത് പരിഹാസ്യമാണ്. ആലപ്പുഴ ജില്ലയിൽ ജലസ്രോതസ്സുകൾ മലിനപ്പെടുന്നതിനെത്തുടർന്ന് പകർച്ചവ്യാധികൾ വ്യാപിക്കുകയും ജനജീവിതം ദുസ്സഹമാകുകയും ചെയ്യുന്ന അവസ്ഥയ്ക്ക് അടിയന്തര പരിഹാരമുണ്ടാക്കണം. കടൽഭിത്തി നിർമ്മാണം പൂർത്തിയാക്കണം.

<u>ശ്രീ. ടി.എ. അഹ്മദ് കബീർ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമുള്ള ജലവിഭവ വകുപ്പിന്റെ നടപടികൾ പ്രത്യാശ പകരുന്നതാണ്. സമഗ്രമായ ഒരു ജലനയം സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നുണ്ട്. ജലസമ്പത്ത് സംരക്ഷിക്കുന്നതിന് ഫലപ്രദമായ നിലപാട് സ്വീകരിക്കുന്നതിന്റെ ഭാഗമായി ചെറുതും വലുതുമായ ജലസ്രോതസ്സുകളെ പരിപാലിക്കാൻ കഴിയുന്ന വിധത്തിൽ ജലവിഭവ വകുപ്പിനെ ശാക്തീകരിക്കണം. ദേശീയ ജലപാത വേഗത്തിൽ പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. ജലനിധി പദ്ധതിയുടെ രണ്ടാം ഘട്ടം നടപ്പിലാക്കുമ്പോൾ മലപ്പുറം ജില്ലയ്ക്കും മങ്കട നിയോജകമണ്ഡലത്തിനും പ്രത്യേകമായ പരിഗണന നൽകണം. മുടങ്ങിക്കിടക്കുന്ന ചെറുതും വലുതുമായ പദ്ധതികളിൽ സാധിക്കുന്നവ എത്രയും വേഗം പുനരുദ്ധരിക്കാൻ നടപടി സ്വീകരിക്കണം. നൂറ് ശതമാനം കേന്ദ്രസഹായം ലഭിക്കുന്ന പദ്ധതികൾക്ക് എ.എസ്. കൊടുക്കാൻ കാലതാമസമുണ്ടാകുന്ന അവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കണം. മൂർക്കനാട് പദ്ധതി ഒരു വർഷം കൊണ്ട് നടപ്പിലാക്കാനാവശ്യമായ നടപടി സ്വീകരിക്കണം. കാലപ്പഴക്കം

വന്ന പമ്പ്സെറ്റുകളും മോട്ടോറുകളും മാറ്റി സ്ഥാപിക്കുന്നതിന് സ്ഥിരം സംവിധാനം ആവിഷ്ക്കരിക്കണം. തൂതപ്പുഴയിലും കടലുണ്ടി പുഴയിലും കൂടുതൽ ചിറകളും തടയണകളും നിർമ്മിക്കണം. ജനങ്ങൾക്ക് ദുസ്സഹമാകുന്ന രീതിയിൽ വെള്ളക്കരം വർദ്ധിപ്പിക്കാൻ പാടില്ല. കേരള വാട്ടർ അതോറിറ്റിക്ക് കുടിശ്ശികയിനത്തിൽ കിട്ടാനുള്ള തുക ഒറ്റത്തവണ തീർപ്പാക്കലിലൂടെ പിരിച്ചെടുത്ത് ഡിപ്പാർട്ട്മെന്റിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം. ചെറുകിട ജലസേചന പദ്ധതികൾ ധാരാളമായി ഉണ്ടാകണം. നദീതടങ്ങൾ കാര്യക്ഷമമായി സംരക്ഷിക്കുന്നതിനും ജലത്തിന്റെ ഉപഭോഗം കുറയ്ക്കുന്നതിനും നടപടിയുണ്ടാകണം. ജലദൗർലഭ്യത്തെയും ദുരുപയോഗത്തെയുംകുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുകയും ശുദ്ധജലം പാഴാകുന്നത് തടയുകയും വകുപ്പിനെ ശാക്തീകരിക്കാനുള്ള നടപടികളെക്കുറിച്ച് ആലോചിക്കുകയും ചെയ്യണം.

<u>ശ്രീ. ജോസ് തെറ്റയിൽ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കഴിഞ്ഞ അഞ്ചുവർഷക്കാലം ഏറ്റവും നന്നായി ഭരണം നടന്ന ജലവിഭവ വകുപ്പിൽ ഇപ്പോൾ യാതൊരു പ്രവർത്തനങ്ങളും നടക്കുന്നില്ല. ജലലഭ്യത പരമാവധി ഉപയോഗപ്പെടുത്തി ജലദൗർലഭ്യം പരിഹരിക്കാൻ ഗവൺമെന്റ് തയ്യാറാകണം. മഴവെള്ള സംഭരണത്തിന് പ്രായോഗിക നടപടി സ്വീകരിക്കണം. പാഴായിപ്പോകുന്ന വെള്ളത്തെക്കുറിച്ച് ജനങ്ങളിൽ അവബോധമുണ്ടാക്കണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സ്പാൻ പദ്ധതിപ്രകാരം 700 കോടിയിലധികം രൂപയുടെ പ്രവൃത്തികൾ ആരംഭിച്ചെങ്കിലും അവ പൂർത്തിയായിട്ടില്ല. അങ്കമാലി നിയോജകമണ്ഡലത്തിൽ കറുകുറ്റി-മൂക്കന്നൂർ പഞ്ചായത്തിൽ വർഷങ്ങളായി മുടങ്ങിക്കിടക്കുന്ന ശുദ്ധജല വിതരണപദ്ധതി പൂർത്തിയാക്കാനും അയ്യമ്പുഴ-മലയാറ്റൂർ പഞ്ചായത്തിലെ ശുദ്ധജല വിതരണ പദ്ധതിക്ക്

എ.എസ്. ലഭ്യമാക്കാനും നടപടി സ്വീകരിക്കണം. ഇടമലയാർ പദ്ധതി ഭാഗികമായിട്ടെങ്കിലും കമ്മീഷൻ ചെയ്യണം. പറമ്പിക്കുളം-ആളിയാർ പദ്ധതി പുനരാവിഷ്ക്കരിച്ച് ചാലക്കുടി റിവർ ഡൈവേർഷനിൽ ജലം ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. ദേശീയ ജലപാതയുടെ ഭാഗമായി നെടുമ്പാശ്ശേരി എയർപോർട്ടിന്റെ ഭാഗത്തുനിന്നും സീ-പോർട്ടിലേക്കുള്ള ജലപാതയുടെ പണി പൂർത്തീകരിക്കാനും മുല്ലപ്പെരിയാർ ഡാം പ്രശ്നത്തിൽ സത്യസന്ധമായി നടപടികൾ സ്വീകരിക്കാനും തയ്യാറാകണം.

ഡോ. എൻ. ജയരാജ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളം അതിരൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുകയാണ്. അനിയന്ത്രിതമായ മണലൂറ്റൽ, നിയന്ത്രണമില്ലാത്ത ജലത്തിന്റെ ഉപയോഗം, വനനശീകരണം, മലിനീകരണം എന്നിവയുടെ ഫലമായി ഇല്ലാതായിക്കൊണ്ടിരിക്കുന്ന ശുദ്ധ ജല സ്രോതസ്സുകൾ സംരക്ഷിക്കാൻ നടപടി സ്വീകരിക്കണം. വെള്ളാവൂർ മേജർ കുടിവെള്ള പദ്ധതി പൂർത്തിയാക്കാനാവശ്യമായ നടപടി സ്വീകരിക്കണം. നടപടിക്രമങ്ങൾ ലഘൂകരിച്ച് കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കണം. ജലസേചന വകുപ്പിനുവേണ്ടി ബഡ്ജറ്റിൽ കൂടുതൽ തുക നീക്കിവയ്ക്കണം. കേന്ദ്രാവിഷ്കൃത പദ്ധതികളും വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള പദ്ധതികളും പൂർത്തിയാക്കുന്നതോടൊപ്പം പഴയ പദ്ധതികൾ പുനരുദ്ധരിക്കാനും ആവശ്യമായ നടപടി സ്വീകരിക്കണം. മെയിന്റനൻസ് വിംഗ് ശക്തമാക്കുന്നതിന് കൂടുതൽ ഫണ്ട് അനുവദിക്കണം. റവന്യൂ കളക്ഷൻ ഊർജ്ജിതപ്പെടുത്തി വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം സുഗമമാക്കണം.

ശ്രീ. തോമസ് ചാണ്ടി. ധനാഭ്യർത്ഥനകളെ എതിർക്കുന്നു. അമിതമായ കീടനാശിനിയുടേയും രാസവളത്തിന്റേയും ഉപയോഗം നിമിത്തം കുട്ടനാ

ട്ടിലെ നദികൾ മലിനമായിരിക്കുകയാണ്. കുട്ടനാട് പാക്കേജിൽപ്പെടുത്തി നീരേറ്റുപുറം പദ്ധതി പൂർത്തിയാക്കി കുട്ടനാട്ടിൽ ശുദ്ധജലം എത്തിക്കുന്നതി നാവശ്യമായ നടപടി സ്വീകരിക്കണം. പ്രോസ്പിരിറ്റി കൗൺസിൽ എടുത്ത തീരുമാനങ്ങളും സ്വാമിനാഥൻ കമ്മീഷൻ ശുപാർശകളും നടപ്പിലാക്കുന്നതി നെക്കുറിച്ച് ആലോചിക്കണം. പരിസ്ഥിതിയുടെ പേരിൽ കുട്ടനാടിനെ നശിപ്പി ക്കുന്ന അവസ്ഥയ്ക്ക് പരിഹാരം കാണണം. ആലപ്പുഴ ജില്ലയിൽ സാംക്രമിക രോഗങ്ങൾ പടർന്നുപിടിക്കുന്നത് തടയാൻ നടപടി സ്വീകരിക്കണം. ശബരിമലയിൽ വരുന്ന ഭക്തജനങ്ങൾക്ക് സാനിറ്റേഷൻ സൗകര്യം വർദ്ധിപ്പി ക്കണം.

ശ്രീ. അൻവർ സാദത്ത്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനും കാർഷികാവശ്യങ്ങൾക്ക് ജലമെത്തിക്കുന്നതിനുമായി ദീർഘവീക്ഷണത്തോടുകൂടിയുള്ള പദ്ധതികൾ വിഭാവനം ചെയ്തുകൊണ്ടാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്. തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുള്ള സർക്കാരിന്റെ പ്രവർത്തനങ്ങൾ സ്വാഗതാർഹമാണ്. യുവജനക്ഷേമ വകുപ്പിന്റെ കീഴിൽ ജോബ് ഫെസ്റ്റ് നടത്തി 609 പേർക്ക് തൊഴിൽ ഉറപ്പ് വരുത്തിയത് ശ്രദ്ധേയമായ നേട്ടമാണ്. ജലഗതാഗതത്തിനും ടൂറിസത്തിനും നൂതനമായ പരിപാടികളാണ് സർക്കാർ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നത്. നെടുമ്പാശ്ശേരി-കൊച്ചി ജലപാത നടപ്പിലാകുന്നതോടുകൂടി ടൂറിസത്തിന് വളരെയേറെ പ്രാധാന്യം കൈവരുന്നതാണ്. സംസ്ഥാനത്ത് സേവന നിയമം പ്രാവർത്തികമാകുന്ന തോടുകൂടി വിപ്ലവകരമായ മാറ്റങ്ങൾക്ക് തുടക്കം കുറിക്കാൻ സാധിക്കും. കൊച്ചി മെട്രോ പദ്ധതി യാഥാർത്ഥ്യമാകുന്നത് അഭിനന്ദനാർഹമാണ്.

ആലുവ നിയോജകമണ്ഡലത്തിലെ സീപോർട്ട്-എയർപോർട്ട് റോഡിന്റെ 2-ാം ഘട്ടം പണിക്ക് തുടക്കം കുറിച്ചത് സ്വാഗതാർഹമാണ്. . ഈ സർക്കാർ വന്നതിനുശേഷം ചേർത്തല, പട്ടുവം എന്നിവിടങ്ങളിൽ ജപ്പാൻ കുടിവെള്ള പദ്ധതി പ്രകാരമുള്ള പ്ലാന്റുകളുടെ പണി പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ട്. ശാസ്താംകോട്ട കായൽ സ്രോതസ്സായി കൊല്ലം ജില്ലയിൽ കുടിവെള്ളമെത്തിക്കുവാനുള്ള പദ്ധതി സ്വാഗതാർഹമാണ്. കുടിവെള്ള വിതരണത്തെ സംബന്ധിച്ച് പൊതുജനങ്ങളുടെ പരാതി സ്വീകരിക്കുവാൻ വാട്ടർ അതോറിറ്റി ടോൾ ഫ്രീ നമ്പർ ഏർപ്പെടുത്താനെടുത്ത തീരുമാനം സ്വാഗതാർഹമാണ്. ജലവിതരണത്തിലെ പ്രഷർ കൺട്രോൾ കമ്പ്യൂട്ടറൈസ് ചെയ്യാൻ നടപടി സ്വീകരിക്കണം. കുടിവെള്ള വിതരണം സുഗമമാക്കുന്നതിന് പഴയ പൈപ്പുലൈനുകൾ മാറ്റി പുതിയവ സ്ഥാപിക്കണം. റെയിൻ വാട്ടർ ഹാർവെസ്റ്റിംഗ് നിയമംമൂലം കർശനമാക്കണം. വ്യാവസായികാടിസ്ഥാനത്തിൽ വെള്ളം ഊറ്റുന്നവരെ നിയന്ത്രിക്കണം. മുല്ലപ്പെരിയാറിൽ ഒരു പുതിയ ഡാം നിർമ്മിക്കുന്നതിന് കക്ഷി രാഷ്ട്രീയം മറന്ന് എല്ലാവരും ഒന്നിച്ചു നിൽക്കണം.

<u>ശ്രീമതി കെ. കെ. ലതിക</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കോഴിക്കോട് ജില്ലയിൽ ജപ്പാൻ കുടിവെള്ള പദ്ധതി അതിവേഗം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണം. എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാക്കിയ കുന്നുമ്മേൽ കുടിവെള്ള പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കണം. എൻട്രൻസ് പരീക്ഷയിൽ 22287-ാം റാങ്ക് ലഭിച്ച വിദ്യാർത്ഥിക്ക് യൂണിവേഴ്സിറ്റിയുടെ ചട്ടങ്ങൾ ലംഘിച്ചുകൊണ്ട് ഗവണ്മെന്റ് കോളേജിൽ അഡ്മിഷൻ നൽകിയതിൽ പ്രതിഷേധിച്ച് സമരം ചെയ്ത വിദ്യാർത്ഥികൾക്കുനേരെ ജനങ്ങളുടെ ജീവനും

സ്വത്തിനും സംരക്ഷണം നൽകാൻ ചുമതലപ്പെട്ട അസിസ്റ്റന്റ് പോലീസ് കമ്മീഷണർതന്നെ വെടിവച്ച നടപടി സാംസ്കാരിക കേരളത്തിന് അപമാനമാണ്. 1200 വിദ്യാർത്ഥികളുടെ പഠിപ്പുമുടക്കി ഒരു നിർമ്മൽ മാധവിനെ മാത്രം സംരക്ഷിക്കാൻ ശ്രമിക്കുന്നത് എന്തിനാണെന്ന് വ്യക്തമാക്കണം. പോലീസിനെ കയറൂരി വിട്ടുകൊണ്ട് വിദ്യാർത്ഥി പ്രസ്ഥാനത്തെ അടിച്ചൊതുക്കാമെന്ന് വിചാരിക്കുന്നത് ഭൂഷണമല്ല. എൽ.ഡി.എഫ്. ഗവണ്മെന്റ് നടപ്പിലാക്കിയ കേരളത്തിലെ നവജാതശിശുക്കൾക്കുള്ള പതിനായിരം രൂപയുടെ പദ്ധതിയും അസംഘടിത മേഖലയിലെ സ്ത്രീത്തൊഴിലാളികൾക്ക് ഒരു മാസത്തെ പ്രസവാനുകൂല്യവും 18 വയസിനുതാഴെയുള്ള കുട്ടികൾക്കുള്ള ചികിത്സാസഹായമായ ഒരു ലക്ഷം രൂപയുടെ പദ്ധതിയും ഇല്ലാതാക്കുകയും സ്ത്രീശാക്തീകരണത്തിനുവേണ്ടി രൂപീകരിച്ച കുടുംബശ്രീയുടെ തെരഞ്ഞെടുപ്പ് മാറ്റിവയ്ക്കുകയും ചെയ്തതിലൂടെ ഈ ഗവൺമെന്റ് സ്ത്രീകൾക്കെതിരായി പ്രവർത്തിക്കുകയാണ് ചെയ്യുന്നത്. ബസ് ചാർജ്, കറണ്ട് ചാർജ് എന്നിവ വർദ്ധിപ്പിച്ച് ജനജീവിതം ദുസ്സഹമാക്കിയ ഗവൺമെന്റാണിത്.

<u>ശ്രീ. സി. മമ്മൂട്ടി</u> : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. നദികളാൽ അനുഗ്രഹീതമായ കേരളത്തിൽ കുടിവെള്ളം ലഭ്യമല്ലാത്ത അവസ്ഥയാണുള്ളത്. ശുദ്ധജല വിതരണ പദ്ധതി പ്രാവർത്തികമാക്കുന്നതിൽ നേരിടുന്ന കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കണം. മഴക്കുഴികൾ കൊതുക് കേന്ദ്രങ്ങളായി മാറാതിരിക്കാൻ സംവിധാനം ഏർപ്പെടുത്തണം. വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന വെള്ളം പാവപ്പെട്ടവർക്ക് സൗജന്യമായി ലഭ്യമാക്കുമ്പോൾ ജലനിധിയിൽ പാവപ്പെട്ട ഗുണഭോക്താക്കളുടെ വിഹിതം പഞ്ചായത്ത് വഹിക്കാൻ സംവിധാനമുണ്ടാക്കണം. ടോൾഫ്രീ സമ്പ്രദായത്തിലൂടെ എസ്.എം.എസ്. അയച്ചാൽ മറുപടി ലഭ്യമാക്കാനുള്ള സംവിധാനം വാട്ടർ

അതോറിറ്റിയിലും ഉണ്ടാകണം. തിരൂരിലെ തിരുനാവായ കുടിവെള്ള പദ്ധതി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണം. കേന്ദ്ര പദ്ധതികൾക്ക് ലഭ്യമാകുന്ന ഫണ്ട് സമയബന്ധിതമായി വിനിയോഗിക്കാനുള്ള ശ്രമമുണ്ടാകണം. തിരൂർ മണ്ഡലത്തിൽ നിന്ന് മാറ്റിയ ഐ.പി.ഡി. ഓഫീസ് പുന:സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം. നിലവിലുള്ള തുരുമ്പുപിടിച്ച ജലവിതരണ പൈപ്പുലൈനുകൾ മാറ്റി സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം. ഗുണമേന്മയുള്ള പൈപ്പ് മാത്രമേ ഉപയോഗിക്കാവൂ എന്നും ഇത്ര വർഷത്തെ കാലാവധി ഉണ്ടെന്നും ഉറപ്പു വരുത്തി അതിനുള്ള ഫണ്ടും സംവിധാനങ്ങളും ഒരുക്കി പദ്ധതി തയ്യാറാക്കാൻ കഴിയണം. പണം കൊടുത്താൽ പോലും വെള്ളം ലഭ്യമാകാത്ത ഇന്നത്തെ അവസ്ഥയ്ക്ക് മാറ്റം വരുത്തണം.

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. എൽ.ഡി.എഫ്.-ന്റെ ഭരണകാലത്ത് കുടിവെള്ള പദ്ധതികൾ വിപുലപ്പെടുത്താനും റിനോവേഷൻ നടത്താനും മലബാർ പാക്കേജിൽ ആവശ്യമായ ഫണ്ട് അനുവദിച്ചെങ്കിലും തുടർനടപടികൾ ഉണ്ടായില്ല. 23 വർഷം മുമ്പ് കുറ്റ്യാടിയിലും ചുറ്റുമുള്ള എട്ട് പഞ്ചായത്തുകളിലും കുടിവെള്ളം എത്തിക്കുന്നതിന് നടപ്പിലാക്കിയ പദ്ധതിവഴി ഒരു തുള്ളിവെള്ളം പോലും ജനങ്ങൾക്ക് കൊടുക്കാൻ കഴിഞ്ഞിട്ടില്ല. കുടിവെള്ള പദ്ധതികളിൽ നടന്നിട്ടുള്ള വ്യാപകമായ അഴിമതിയെക്കുറിച്ച് നിയമസഭാ കമ്മിറ്റിയെക്കൊണ്ട് അന്വേഷിപ്പിക്കണം. നിർമ്മൽ മാധവ് എന്ന വിദ്യാർത്ഥിക്ക് ഗവൺമെന്റ് കോളേജിൽ അഡ്മിഷൻ നൽകിയും അനീതി ചൂണ്ടിക്കാണിച്ച വിദ്യാർത്ഥികളെ തല്ലിച്ചതച്ചും ഈ ഗവൺമെന്റ് എല്ലാവിധ ജനാധിപത്യ മര്യാദകളും ലംഘിച്ചരിക്കുകയാണ്. പോലീസിന്റെ ഭാഗത്തു നിന്നുണ്ടാകുന്ന കടന്നാക്രമണവും അനീതിയും അവസാനിപ്പിക്കാൻ ഗവൺമെന്റ് തയ്യാറാകണം. കോഴിക്കോട്ട്

ജെ.ബി.ഐ.സി. പദ്ധതി അടിയന്തരമായി പൂർത്തീകരിക്കണം. കൊയിലാണ്ടിക്ക് ചുറ്റുമുള്ള പഞ്ചായത്തുകളിൽ കുടിവെള്ള വിതരണത്തിന് കോടിക്കണക്കിന് രൂപ ചെലവ് ചെയ്തതുസംബന്ധിച്ച് അന്വേഷണം നടത്തണം. ജലസേചന പദ്ധതികൾക്ക് കഴിഞ്ഞ വർഷം അനുവദിച്ചിട്ടുള്ള ഫണ്ട് ഉപയുക്തമായ രീതിയിൽ വിനിയോഗിച്ച് പദ്ധതികൾ പ്രാവർത്തികമാക്കണം.

<u>ശ്രീ. കെ. എം. ഷാജി</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വളരെ സൂക്ഷ്മതയോടും അവധാനതയോടുംകൂടി പ്രവർത്തിച്ചാൽ ലോകത്തിലെതന്നെ ഏറ്റവുമധികം ജലനിക്ഷേപമുള്ള സംസ്ഥാനമാക്കി കേരളത്തെ മാറ്റാൻ കഴിയും. ജപ്പാൻ കുടിവെള്ള പദ്ധതി എത്രയും വേഗം പൂർത്തിയാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. കണ്ണൂർ ജില്ലയുടെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനായി 67 കോടി രൂപയുടെ പദ്ധതി ആരംഭിച്ചത് സ്വാഗതാർഹമാണ്. ഏറ്റവും ആധുനിക രീതിയിലുള്ള പൈപ്പുകൾ കുടിവെള്ള പദ്ധതികൾക്ക് ഉപയോഗിക്കണം. മഴവെള്ളം സംഭരിക്കുന്നതിനും വ്യാവസായികാടിസ്ഥാനത്തിൽ ജനോപകാരപ്രദമായ രീതിയിൽ കുടിവെള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് സാമ്പത്തിക ഭദ്രതയുണ്ടാക്കുന്നതിനും നടപടി സ്വീകരിക്കണം. ജലസേചന വകുപ്പിലെ മുടങ്ങിക്കിടക്കുന്ന പദ്ധതി പ്രവർത്തനങ്ങൾ എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

<u>ശ്രീ. ടി.വി. രാജേഷ്:</u> ധനാഭ്യർത്ഥകളെ എതിർക്കുന്നു. സംസ്ഥാനത്ത് മുടങ്ങിക്കിടക്കുന്ന പദ്ധതികൾ പുനരുദ്ധരിച്ച് കുടിവെള്ള പ്രശ്നം പരിഹരിക്കണം. സർക്കാർ ഇടപെട്ടുകൊണ്ട് കുടിവെള്ള-ജലസേചന പദ്ധതികളുടെ

വൈദ്യുതി വിച്ഛേദിക്കുന്ന നടപടി ഒഴിവാക്കണം. കല്യാശ്ശേരി, തളിപ്പറമ്പ് എന്നീ മണ്ഡലങ്ങളിൽ ആരംഭിച്ച ജെ.ബി.ഐ.സി. കുടിവെള്ള പദ്ധതി അടിയന്തരമായി കമ്മീഷൻ ചെയ്യാൻ നടപടി സ്വീകരിക്കണം. കേരള നിമസഭ ഏകകണ്ഠമായി പാസ്സാക്കിയ പ്ലാച്ചിമട കൊക്കോക്കോള റിലീഫ് ആന്റ് കോമ്പൻസേഷൻ ക്ലെയിംസ് സ്പെഷ്യൽ ട്രിബ്യൂണൽ ബിൽ നടപ്പിലാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ശ്രീ. ഷാഫി പറമ്പിൽ : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സംസ്ഥാനത്തെ 54 ശതമാനം ജനങ്ങൾക്കും ശുദ്ധജലം ലഭിക്കുന്നില്ലെന്ന അവസ്ഥ നിലനിൽക്കുകയാണ്. കേരളത്തിലെ കുടിവെള്ള പ്രശ്നത്തിന് ശാശ്വത പരിഹാരം കണ്ടെത്തണം. ജലവിഭവ വകുപ്പ് പുന:സംഘടിപ്പിച്ച് കാലങ്ങളായി പൂർത്തിയാകാതെ കിടക്കുന്ന ശുദ്ധജല വിതരണ പദ്ധതികൾ പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കണം. മലമ്പുഴ ഡാമിലെ ജലം മലിനമായിരിക്കുന്നതിനാൽ അവിടത്തെ ജനങ്ങൾ നേരിടുന്ന കുടിവെള്ള ക്ഷാമത്തിന് പരിഹാരം കാണണം. കാലപ്പഴക്കം ചെന്ന പൈപ്പ് ലൈനുകൾ പുന:സ്ഥാപിച്ച് പൈപ്പ് പൊട്ടലിന് ശാശ്വത പരിഹാരം കണ്ടെത്തണം. ഭാരതപ്പുഴയുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് നിളാ ആക്ഷൻ പ്ലാൻ പ്രഖ്യാപിക്കുകയും സമയബന്ധിതമായി നടപ്പാക്കാനുള്ള നടപടി സ്വീകരിക്കുകയും വേണം. മുല്ലപ്പെരിയാറിൽ പുതിയ ഡാം നിർമ്മിക്കുന്നതിന് സംസ്ഥാനം ഒറ്റക്കെട്ടായി സമ്മർദ്ദം ചെലുത്തണം. നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി ശാസ്താംകോട്ട കായൽ സംരക്ഷണവുമായി ബന്ധപ്പെട്ട് പാക്കേജുണ്ടാക്കാൻ കഴിഞ്ഞത് സ്വാഗതാർഹമാണ്.

ശ്രീ. ജി.എസ്. ജയലാൽ : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ജലവിഭവ വകുപ്പ് നിശ്ചലാവസ്ഥയിലായിരിക്കുന്നു. ജപ്പാൻ കുടിവെള്ള പദ്ധതിയുമായി

ബന്ധപ്പെട്ട പൈപ്പ് ഇടുന്നതിന് നേരിടുന്ന കാലതാമസം ഒഴിവാക്കുന്നതിനും പൊട്ടിയ പൈപ്പുകൾ നന്നാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം. ജലനിധി പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ സ്വകാര്യ കൺസൽട്ടൻസിയെ ഏൽപ്പിക്കാനുള്ള ശ്രമം ഉപേക്ഷിക്കണം. സംസ്ഥാനത്ത് വ്യാപകമായുണ്ടാകുന്ന പൈപ്പ് പൊട്ടൽ തടയുന്നതിന് ശാസ്ത്രീയ സമീപനം ഉണ്ടാക്കിയെടുക്കാനും ആവശ്യത്തിന് നോൺ പ്ലാൻ ഗ്രാന്റ് അനുവദിക്കാനും നടപടി സ്വീകരിക്കണം. അഗ്രിക്കൾച്ചർ താരിഫിൽ വൈദ്യുതി ലഭ്യമാക്കാനുള്ള പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തണം. ബി.പി.എൽ. വിഭാഗങ്ങൾക്കുള്ള സൗജന്യം നഷ്ടപ്പെടുന്ന തരത്തിലുള്ള സമീപനത്തിൽനിന്ന് സർക്കാർ പിന്മാറണം. അരുവിക്കരയിൽ കുപ്പിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട ഫാക്ടറി ആരംഭിക്കാൻ നടപടി സ്വീകരിക്കണം. ചവറയിൽ ആരംഭിക്കാൻ തീരുമാനിച്ച പി.വി.സി. ഫാക്ടറി വിതുരയിൽ സ്ഥാപിച്ചത് പ്രതിഷേധാർഹമാണ്. ജീവനക്കാർക്ക് മെച്ചപ്പെട്ട സേവന-വേതന വ്യവസ്ഥകൾ ഉറപ്പാക്കണം. ജീവനക്കാരുടെ സ്ഥലംമാറ്റം, ദിവസ വേതനക്കാരെ സ്ഥിരപ്പെടുത്തൽ, പമ്പ് ഹൗസ് ഓപ്പറേറ്റർമാരുടെ നിയമനം മുതലായ കാര്യങ്ങളിൽ ഉയർന്നുവന്നിട്ടുള്ള ആക്ഷേപങ്ങളെക്കുറിച്ച് പരിശോധിക്കണം. മീനച്ചിൽ പദ്ധതിപോലെ ആശങ്ക ഉളവാക്കുന്ന പദ്ധതികൾ ഒഴിവാക്കണം. ശുചിത്വ സംരക്ഷണത്തിനുള്ള ബോധവൽക്കരണത്തിനായി ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ കൂടുതൽ ഫീൽഡ് സ്റ്റാഫിനെ നിയോഗിക്കണം.

<u>ശ്രീ. ടി. എൻ. പ്രതാപൻ</u> : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സംസ്ഥാനം ഇന്ന് രൂക്ഷമായ കുടിവെള്ളക്ഷാമം നേരിട്ടുകൊണ്ടിരിക്കുകയാണ്. കേരളത്തിൽ അപകടകരമായ രീതിയിൽ ജലസ്രോതസ്സുകൾ മലിനീ

കരിക്കപ്പെടുകയും ജലത്തിന്റെ തോത് കുറഞ്ഞുവരികയുമാണ്. ജലവിതരണ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം. ടെൻഡർ എക്സസ്സ് നൽകിക്കൊണ്ടും പണത്തിന്റെ ലഭ്യത ഉറപ്പാക്കിക്കൊണ്ടും മുടങ്ങിക്കിടക്കുന്ന പദ്ധതികളുടെ പ്രവൃത്തി ആരംഭിക്കാൻ നടപടി സ്വീകരിക്കണം. 2025 ആകുമ്പോൾ ലോകജനസംഖ്യയുടെ മൂന്നിലൊന്നും കുടിവെള്ളത്തിനുവേണ്ടി ബുദ്ധിമുട്ടുന്ന അവസ്ഥ സംജാതമാകുമെന്ന ശാസ്ത്രജ്ഞരുടെ വെളിപ്പെടുത്തലുകൾ ജലവിഭവ വകുപ്പ് ഉൾക്കൊള്ളണം. പാഴായിപ്പോകുന്ന ജലം ശാസ്ത്രീയമായി ഉപയോഗിക്കാൻ ശ്രമിക്കണം. പൊട്ടിയ പൈപ്പുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടത്താൻ കഴിയണം. നിർമ്മാണത്തിലിരിക്കുന്ന കുടിവെള്ള പദ്ധതികളുടെ ശേഷിക്കുന്ന പണികൾ പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യാൻ നടപടിയുണ്ടാകണം. ഇറിഗേഷൻ പദ്ധതികളുടെ പ്രോജക്ട് മെയിന്റനൻസ് സമയബന്ധിതമായി തീർക്കണം. ബഡ്ജറ്റിൽ ഉൾപ്പെടുത്തിയതും ഡി.പി.ആർ. തയ്യാറാക്കിയിട്ടുള്ളതുമായ പദ്ധതികൾക്ക് ഭരണാനുമതി നൽകി ആരംഭിക്കണം. കേന്ദ്ര ഗവൺമെന്റ് സഹായത്തോടുകൂടി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ നടപ്പിലാക്കാൻ മുൻകയ്യെടുക്കണം. പുത്തൻചിറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പ്രാവർത്തികമാക്കുന്നതിന് അടിയന്തിരമായി ഭരണാനുമതി നൽകണം. രൂക്ഷമായ കടലാക്രമണം തടയുന്നതിന് തീരപ്രദേശങ്ങളിൽ കടൽ ഭിത്തി പണിയാനും നിലവിലുള്ളവയുടെ അറ്റകുറ്റപ്പണി നടത്താനും നടപടിയുണ്ടാകണം. കൊല്ലം-കോട്ടപ്പുറം ദേശീയജലപാത പൂർത്തീകരിക്കുന്നതോടൊപ്പം കോട്ടപ്പുറം മുതൽ കാസർഗോഡ് വരെയുള്ള ദേശീയജലപാതയുടെ രണ്ടാംഘട്ട പ്രവൃത്തി അടിയന്തരമായി ആരംഭിക്കണം. കൊല്ലം-കോട്ടപ്പുറം ദേശീയപാത യാഥാർത്ഥ്യമാകുമ്പോൾ ഉണ്ടാകാനിടയുള്ള മത്സ്യ

ത്തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കണം. കൂടുതൽ സ്ഥലങ്ങളിൽ ശുദ്ധജലം എത്തിക്കുന്നതിനുവേണ്ടി ജലനിധിയുടെ പ്രവർത്തനം ശാസ്ത്രീയമായി പരിഷ്ക്കരിക്കണം. നിയോജകമണ്ഡലങ്ങളിൽ എം.എൽ.എ.മാർ ചെയർമാൻമാരായ ശുദ്ധജല വിതരണവുമായി ബന്ധപ്പെട്ട അവലോകന സമിതി മൂന്ന് മാസത്തിലൊരിക്കൽ യോഗം ചേരണം. കുട്ടനാട് പാക്കേജ് സമയബന്ധിതമായും അഴിമതിരഹിതമായും നടപ്പിലാക്കണം. വൈന്തല ശുദ്ധജല വിതരണ പദ്ധതിയിൽ നിന്നും ജലവിതരണം നടത്തുന്നതിനായി 190 എച്ച്.പി. മോട്ടോർ സ്ഥാപിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. കൊടുങ്ങല്ലൂർ നഗരത്തിൽനിന്ന് അഴുക്ക് ജലം ഒഴുക്കിവിടുന്നതിനുള്ള കാത്തോലി തോടിന്റെ നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം. ശുദ്ധജല വിതരണ പദ്ധതികൾക്കാവശ്യമായ ബഡ്ജറ്ററി സപ്പോർട്ട് കൊടുക്കുകയും വാട്ടർ അതോറിറ്റിയെ സ്ട്രെങ്തെൻ ചെയ്യാനാവശ്യമായ നടപടി സ്വീകരിക്കുകയും ജീവനക്കാരില്ലാത്ത സ്ഥലങ്ങളിൽ ജീവനക്കാരെ നിയമിക്കുകയും 25 വർഷത്തിലേറെ പഴക്കമുള്ള പദ്ധതികൾ റീസ്ട്രക്ച്ചർ ചെയ്യുകയും ചെയ്യണം.

<u>ശ്രീ. രാജു എബ്രഹാം</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. നബാർഡിന്റെ ധനസഹായത്തോടുകൂടി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നടപ്പിലാക്കിയ 750 കോടി രൂപയുടെ ജലവിതരണ പദ്ധതികളുടെ പൂർത്തീകരണത്തിനാവശ്യമായ നടപടി സ്വീകരിക്കണം. നബാർഡിന്റെ പദ്ധതിയിലുൾപ്പെടുത്തി കേടായ മോട്ടോറുകളും പമ്പുകളും മാറ്റിവയ്ക്കാനുള്ള പദ്ധതിക്ക് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അംഗീകാരം ലഭിച്ചിരുന്നെങ്കിലും ഈ ഗവൺമെന്റ് തുടർനടപടി സ്വീകരിക്കുന്നില്ല. കഴിഞ്ഞ ഗവൺമെന്റ് ഭരണാനുമതി നൽകിയ ശബരിമല സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കാൻ നടപടി

സ്വീകരിക്കണം. കോഴിക്കോട് ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ ഉപരോധ സമരം നടത്തുകയായിരുന്ന വിദ്യാർത്ഥികൾക്കുനേരെ ഉത്തര വില്ലാതെ വെടിവച്ച പോലീസ് ഉദ്യോഗസ്ഥനെ സർവ്വീസിൽ നിന്ന് പുറ ത്താക്കാനും 1994-ലെ കൂത്തുപറമ്പ് വെടിവയ്പുമായി ബന്ധപ്പെട്ട് അഞ്ചു പേരെ കൊലപ്പെടുത്തിയ കേസ് പുനരന്വേഷണം നടത്താനും തയ്യാറാകണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : ധനാഭ്യർത്ഥന ചർച്ചയിൽ ഉയർന്നുവന്ന വിമർശനങ്ങൾക്കും നിർദ്ദേശങ്ങൾക്കും നന്ദിരേഖ പ്പെടുത്തുന്നു. കേരളത്തിൽ 44 നദികളും ശുദ്ധജലതടാകങ്ങളും ആവശ്യ ത്തിന് മഴയുമുണ്ടെങ്കിലും ജലദൗർലഭ്യവും ജലത്തിന്റെ ഗുണനിലവാര ത്തിലുള്ള ശോഷണവും പ്രധാന പ്രശ്നങ്ങളാണ്. കേരളത്തിൽ 60 ലക്ഷം കുടുംബങ്ങളുള്ളതിൽ 13 ലക്ഷത്തിന് മാത്രമേ വ്യക്തിഗത വാട്ടർ കണക്ഷൻ ലഭിച്ചിട്ടുള്ളൂ. നിലവിലുള്ള പദ്ധതികൾ പൂർത്തിയാക്കുകയും പുതിയ കുറേ പദ്ധതികൾ ആവിഷ്ക്കരിക്കുകയും ചെയ്താൽ ഇതിൽ ഗണ്യമായ വർദ്ധനയു ണ്ടാക്കാൻ സാധിക്കും. ചേർത്തല പ്രോജക്ട് ഡിസംബറിലും പട്ടുവം പ്രോജക്ട് മാർച്ചിലും മീനാട്, തിരുവനന്തപുരം പ്രോജക്ടുകൾ ഒരു വർഷ ത്തിനുള്ളിലും കോഴിക്കോട് പ്രോജക്ട് 2013-ലും പൂർത്തിയാക്കാൻ കഴിയു മെന്നാണ് പ്രതീക്ഷിക്കുന്നത്. സ്റ്റേറ്റ് ലെവൽ സ്കീം സാംഗ്ഷനിംഗ് കമ്മിറ്റി (SLSSC) പാസ്സാക്കിയ 360 കോടി രൂപയുടെ രണ്ട് പ്രോജക്ടുകളുടെ പ്രവൃത്തി ഈ വർഷംതന്നെ ആരംഭിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കു ന്നു. നബാർഡിന്റെ സഹായത്തോടെയുള്ള 300 കോടി രൂപയുടെ പ്രോജക്ടിന് അനുമതി ലഭിച്ചാൽ ഗ്രാമീണ ശുദ്ധജലവിതരണ രംഗം കാര്യ ക്ഷമമാക്കാൻ കഴിയും. മുനിസിപ്പാലിറ്റികളിൽ ആളോഹരി വെള്ളത്തിന്റെ ലഭ്യത 70 ലിറ്ററെങ്കിലും ആയിരിക്കണമെന്നിരിക്കെ കേരളത്തിൽ 20-ഉം, 25-ഉം

ലിറ്റർ മാത്രം ലഭ്യതയുള്ള 22 മുനിസിപ്പാലിറ്റികളുണ്ട്. അതിൽ ആറെണ്ണം UIDSSMT-ൽപ്പെടുത്തി പ്രവർത്തനം മുന്നോട്ടുപോകുകയാണ്. എ.ഡി.ബി. -യുടെ സഹായത്തോടെ 70 ലിറ്ററിൽ താഴെ ജലലഭ്യതയുള്ള മുനിസിപ്പാലിറ്റികളുടെ നില മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. തിരുവനന്തപുരത്ത് അരുവിക്കരയിൽനിന്നുള്ള പൈപ്പ്ലൈൻ പൊട്ടുന്നത് ഒഴിവാക്കാനായി പ്രിമോ പൈപ്പ് മാറ്റി ഡി.ഐ. പൈപ്പ് ഇടുന്നതിന് തീരുമാനമെടുത്ത് ബഡ്ജറ്റിൽ തുക ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഈ വർഷംതന്നെ അത് പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. തിരുവനന്തപുരത്തെ കുടിവെള്ള പ്രശ്നം JICA കമ്മീഷൻ ചെയ്യുന്നതോടുകൂടി ഒരു പരിധിവരെ പരിഹരിക്കാൻ കഴിയും. 424 കോടി രൂപയുടെ കുട്ടനാട് വാട്ടർ സപ്ലൈ ഇന്റഗ്രേറ്റഡ് സ്കീമിന് അനുവാദം കിട്ടുമെന്ന് പ്രതീക്ഷിക്കുന്നു. നീരേറ്റുപുറം ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പണി പൂർത്തിയായിക്കൊണ്ടിരിക്കുകയാണ്. വേനൽക്കാലത്ത് ജലസ്രോതസ്സുകൾ വറ്റിപ്പോകാതിരിക്കാൻവേണ്ടി ഇറിഗേഷൻ ഡിപ്പാർട്ടുമെന്റുമായി ചേർന്ന് ജലസ്രോതസ്സുകളുടെ സമീപത്ത് ഈ വർഷം 400 തടയണകൾ നിർമ്മിക്കാനുള്ള തീരുമാനമെടുത്തിട്ടുണ്ട്. കിണറുകളിലെ ജലനിരപ്പ് ഉയർത്താൻവേണ്ടി റെയിൻ വാട്ടർ ഹാർവെസ്റ്റിംഗ് ഉപയോഗപ്പെടുത്തുന്നതാണ്. കിണറുകൾ ശുചിയായി സൂക്ഷിക്കുന്നതിനെക്കുറിച്ച് കാമ്പെയിൻ നടത്താൻ തീരുമാനമെടുത്തിട്ടുണ്ട്. പൈപ്പ് കണക്ഷനുകൾ ഇരുപത് ലക്ഷമായി വർദ്ധിപ്പിക്കുന്നതിന് നബാർഡിന്റേയും കേന്ദ്ര ഗവൺമെന്റിന്റേയും സഹായത്തോടുകൂടി കൂടുതൽ സ്കീമുകൾ നടപ്പിലാക്കാൻ ശ്രമിക്കും. കാരാപ്പുഴ, ബാണാസുരസാഗർ, മൂവാറ്റുപുഴ, ഇടമലയാർ പദ്ധതികൾക്ക് ആവശ്യമായ ഫണ്ട് കണ്ടെത്തി അഞ്ചുവർഷം

കൊണ്ട് പൂർത്തിയാക്കാൻ ശ്രമിക്കുന്നതാണ്. മൈനർ ഇറിഗേഷൻ രംഗത്ത് തടയണകളുടെ നിർമ്മാണം വ്യാപകമാക്കും. കനാലുകളുടെ മെയിന്റനൻസ് നടത്തുന്നതിന് നബാർഡിന്റെ സഹായം തേടിയിട്ടുണ്ട്. ഇൻലാന്റ് നാവിഗേഷൻ രംഗത്ത് കോവളം മുതൽ നീലേശ്വരം വരെയുള്ള 590 കിലോമീറ്റർ ദൂരം നാഷണൽ വാട്ടർവേ ആക്കി മാറ്റാൻ തീരുമാനിച്ചിട്ടുണ്ട്. തിരുവനന്തപുരം മുതൽ കൊല്ലം വരെയുള്ള 74 കിലോമീറ്റർ ദൂരവും കോട്ടപ്പുറം മുതൽ നീലേശ്വരം വരെയുള്ള 348 കിലോമീറ്റർ ദൂരവും ദേശീയ ജലപാതയുടെ ഭാഗമാക്കാൻ കേന്ദ്ര ഗവൺമെന്റിന് നിവേദനം നല്കിയിട്ടുണ്ട്. ചേർത്തല കുടിവെള്ള പദ്ധതിയുടെ ശേഷിക്കുന്ന പണികൾ ഉടൻ പൂർത്തിയാക്കും. മീനച്ചിൽ റിവർ വാലി പ്രോജക്ടിനെ സംബന്ധിച്ച് പഠിക്കുന്നതിന് ഒരു വിദഗ്ധ സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മൂലത്തറ ആർ.ബി. കനാൽ വേലന്താവളം വരെ നീട്ടുന്നതിനുള്ള പ്രോജക്ടുകൾ തയ്യാറായിട്ടുണ്ട്. വെള്ളക്കരം വർദ്ധിപ്പിക്കണമെന്ന വാട്ടർ അതോറിറ്റിയുടെ നിർദ്ദേശം വിശദമായി പഠിച്ചശേഷം മാത്രമേ പരിഗണിക്കുകയുള്ളൂ. പറമ്പിക്കുളം-ആളിയാർ പദ്ധതി ഏറ്റെടുക്കാനാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. പരിസ്ഥിതി പ്രശ്നമുള്ളതിനാൽ നെടുമ്പാശ്ശേരി-എറണാകുളം ജലപാത സി.ഡബ്ല്യു.ആർ.ഡി.എം.ന്റെ പഠനത്തിന് വിധേയമാക്കിയിരിക്കുകയാണ്. തിരൂർ മുനിസിപ്പാലിറ്റിയിലെ കുടിവെള്ള പ്രശ്നം പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കണ്ണൂരിൽ 67 കോടി രൂപയുടെ കുടിവെള്ള പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. 8 കോടി രൂപ ചെലവിൽ പഴശ്ശിയിൽ 33 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതാണ്. കൊക്കകോളയുടെ കാര്യത്തിൽ 24-02-2011-ൽ കേരള നിയമസഭ പാസ്സാക്കിയ ബിൽ

ഭരണഘടന പ്രകാരം നിലനിൽക്കുന്നതാണെന്ന് കേന്ദ്ര സർക്കാരിനെ അറിയിക്കുന്നതാണ്. മലമ്പുഴയിലെ പഴയ പൈപ്പുകൾ മാറ്റുന്നതിന് അടിയന്തര നടപടി സ്വീകരിക്കും. ജലനിധിയുടെ 2-ാം ഘട്ട നിർമ്മാണത്തിന് 1,000 കോടി രൂപയുടെ പദ്ധതിക്ക് വേൾഡ് ബാങ്കിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. 200 പഞ്ചായത്തുകളിൽക്കൂടി ജലനിധി പദ്ധതി പുതിയ വ്യവസ്ഥകളോടെ നടപ്പാക്കുന്നതാണ്. അരുവിക്കരയിൽനിന്നും കുപ്പിവെള്ളം നൽകുന്ന പദ്ധതിക്ക് ടെൻഡർ ക്ഷണിച്ചിട്ടുണ്ട്. ഇറിഗേഷൻ പ്രോജക്ടുകൾക്ക് പ്രത്യേകം പ്രാധാന്യം നൽകുന്നതാണ്. കടലാക്രമണ ഭീഷണി നേരിടുന്ന എല്ലാ മേഖലകളിലും പുലിമുട്ടുകൾ സ്ഥാപിക്കുന്നതിന് 1,950 കോടി രൂപയുടെ ഒരു പ്രോജക്ട് കേന്ദ്രത്തിൽ സമർപ്പിച്ചിട്ടുണ്ട്. ശബരിമല ശുചീകരണത്തിന്റെ കാര്യത്തിൽ നീറി (NEERI) യുടെ അഭിപ്രായം അറിഞ്ഞതിനുശേഷം 29 കോടി രൂപയുടെ പദ്ധതി ഡിസംബർ മാസത്തോടുകൂടി ഫൈനലൈസ് ചെയ്യുകയും അതിന്റെ പ്രവൃത്തി അടുത്ത വർഷം തന്നെ പൂർത്തിയാക്കുന്നതുമാണ്. കുടിവെള്ളക്ഷാമത്തിന് പരിഹാരം കണ്ടെത്തുന്നതിന് എല്ലാ നിയോജകമണ്ഡലങ്ങളിലും എം.എൽ.എ. ചെയർമാനായും വാട്ടർ അതോറിറ്റിയുടെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കൺവീനറായുമുള്ള കമ്മിറ്റി രണ്ട് മാസത്തിലൊരിക്കൽ യോഗം ചേരണമെന്ന നിർദ്ദേശം ഉടൻ നൽകുന്നതാണ്. എക്സിക്യൂട്ടീവ് എഞ്ചിനീയർ കൺവീനറായ മറ്റൊരു കമ്മിറ്റി മൂന്ന് മാസത്തിലൊരിക്കൽ കൃത്യമായി ചേരണമെന്നും റിപ്പോർട്ട് നൽകണമെന്നും നിർദ്ദേശം നൽകും. നദികളിലെ മലിനീകരണം തടയുന്നതിനായി പ്രോജക്ട് തയ്യാറാക്കാൻ നിർദ്ദേശം

നൽകിയിട്ടുണ്ട്. തടയണ നിർമ്മാണത്തിൽ ഭാരതപ്പുഴയ്ക്ക് പ്രത്യേക പരിഗണന നൽകുന്നതാണ്. കുട്ടനാട് പാക്കേജിന്റെ കാര്യത്തിൽ പ്രോസ്പിരിറ്റി കൗൺസിൽ സ്വീകരിക്കുന്ന നിലപാട് അംഗീകരിച്ച് പദ്ധതി നടപ്പാക്കുന്നുണ്ട്. കൊട്ടാരക്കര മണ്ഡലത്തിൽ മോട്ടോറുകളും പമ്പുകളും മാറ്റി ജലവിതരണം സുഗമമാക്കുന്നതിന് നടപടി സ്വികരിച്ചിട്ടുണ്ട്. പാലക്കാട്ട് നടപ്പിലാക്കുന്ന UIDSSMT പദ്ധതിക്ക് തടസ്സങ്ങൾ ഉണ്ടെങ്കിൽ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കും. മുല്ലപ്പെരിയാറിൽ പുതിയ ഡാം നിർമ്മിക്കുകയും തമിഴ്നാടിന് അവകാശപ്പെട്ട വെള്ളം കൊടുക്കുകയും ചെയ്യുമെന്ന ഉറച്ച നിലപാടാണ് ഗവൺമെന്റിനുള്ളത്. എരുമേലിയിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മിക്കുന്നതിന് നിർദ്ദേശം നൽകുന്നതാണ്. സ്പാൻ സ്കീമിൽപ്പെട്ട പ്രോജകടുകൾക്ക് പ്രത്യേക പരിഗണന നൽകി നടപ്പിലാക്കുന്നതാണ്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയും അനുവദിക്കണമെന്ന പ്രമേയം 67-നെതിരെ 72 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

(സഭ വൈകുന്നേരം 4.27-ന് പിരിഞ്ഞു)

@@@@@@@@@